# ദേശീയ വിദ്യാഭ്യാസ നയരേഖ
# കടര് രേഖയ്ക്കായി ചില നിർദ്ദേശങ്ങൾ

2016

## മാനവശേഷിവികസന മന്ത്രാലയം

## ഭാരതസർക്കാർ

## ഉള്ളടക്കം


1. അവതാരിക
2. വിദ്യാഭ്യാസരംഗത്തെ പ്രധാന വെല്ലുവിളികൾ
3. ദേശീയ വിദ്യാഭ്യാസ പദ്ധതി- വീക്ഷണം/സമീപനം, ദൗത്യം, ഉദ്ദേശലക്ഷ്യങ്ങൾ
4. പദ്ധതി രൂപഘടന
    - 4.1. പ്രീ-സ്കൂൾ വിദ്യാഭ്യാസം
    - 4.2. കുട്ടികളുടെയും കൗമാരക്കാരുടെയും വിദ്യാഭ്യാസ അവകാശ സംരക്ഷണം
    - 4.3. സ്കൂൾ വിദ്യാഭ്യാസ പഠനലക്ഷ്യങ്ങൾ
    - 4.4. സ്കൂൾ വിദ്യാഭ്യാസം
    - 4.5. പാഠ്യപദ്ധതി നവീകരണവും പരീക്ഷസമ്പ്രദായ പരിഷ്കരണവും
    - 4.6. സംയോജിത വിദ്യാഭ്യാസവും വിദ്യാർത്ഥി പിന്തുണയും
    - 4.7. സാക്ഷരതയും/ജീവിതകാല പഠനാവസരങ്ങളും
    - 4.8. വിദ്യാഭ്യാസ തൊഴിൽ മേഖലകളിലെ വൈദഗ്ദ്ധ്യം.
    - 4.9. ആശയവിനിമയ വിവരസാങ്കേതിക വിദ്യയുടെ (ICT) ഉപയോഗം വിദ്യാഭ്യാസത്തിൽ
    - 4.10. അധ്യാപക വികസനവും മാനേജുമെന്റും
    - 4.11. ഭാഷയും സംസ്കാരവും വിദ്യാഭ്യാസത്തിൽ
    - 4.12. വ്യക്തിത്വവികസനം പരിപൂർണ വിദ്യാഭ്യാസത്തിലൂടെ
    - 4.13. സ്കൂൾ മൂല്യനിർണയവും പരിപാലനവും
    - 4.14. ഉന്നത വിദ്യാഭ്യാസത്തിന്റെ പുനരുദ്ധാരണം
    - 4.15. ഉന്നത വിദ്യാഭ്യാസത്തിലെ നയരൂപീകരണം
    - 4.16. ഉന്നത വിദ്യാഭ്യാസമേന്മ ഉറപ്പുവരുത്തൽ
    - 4.17. വിദൂരവിദ്യാഭ്യാസവും MOOC ഉം
    - 4.18. ഉന്നത വിദ്യാഭ്യാസത്തിന്റെ അന്തർദേശീയവത്കരണം
    - 4.19. ഉന്നത വിദ്യാഭ്യാസ അധ്യാപകശേഷി വികസനം
    - 4.20. ഗവേഷണം, കണ്ടുപിടിത്തം, നൂതനഅറിവുകൾ
    - 4.21. വിദ്യാഭ്യാസ ധനസമാഹരണ വിനിയോഗം
5. നടപ്പിലാക്കലും വിലയിരുത്തലും

## അദ്ധ്യായം-1

### ആമുഖം

ഇന്ത്യ വിദ്യാഭ്യാസത്തിന് എപ്പോഴും വളരെയേറെ പ്രാധാന്യം നല്കിയിട്ടുണ്ട്. പുരാതന ഇന്ത്യയിൽ നിലനിന്നിരുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിന് വേദിക് സമ്പ്രദായമെന്നറിയപ്പെട്ടിരുന്നു. പുരാതന ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം ലൗകികജീവിതത്തിനോ അതിനപ്പുറമുള്ള ജീവിതത്തിനോ ഉള്ള തയ്യാറെടുപ്പിനുള്ള വിജ്ഞാനം പകരലായിരുന്നില്ല, പക്ഷേ സ്വത്വത്തിന്റെ പരമമായ സാക്ഷാത്കാരമായിരുന്നു. ഗുരുകുല സമ്പ്രദായം ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധം വളർത്തുകയും കടുത്ത അച്ചടക്കത്തിന് വിധേയമാവുകയും ഗുരുവിനോട് കടപ്പാടുകൾ പാലിക്കേണ്ടതുമായ ഒരു അദ്ധ്യാപക കേന്ദ്രീകൃതസമ്പ്രദായം സ്ഥാപിക്കുകയും ചെയ്തു.

ലോകത്തിലെ ആദ്യത്തെ യൂണിവേഴ്സിറ്റി തക്ഷശിലയിൽ 700 B.C യിൽ സ്ഥാപിച്ചു. 400 B.C യിൽ സ്ഥാപിച്ച നളന്ദയാണ് ആദ്യകാലത്തെ മഹത്തായ യൂണിവേഴ്സിറ്റികളിലൊന്ന്. 700 A.D യിൽ തന്നെ ഇവിടെ 10,000 വിദ്യാർത്ഥികളും 2000 അദ്ധ്യാപകരുമുണ്ടായിരുന്നു. ശാസ്ത്രം, ജ്യോതിശാസ്ത്രം, വൈദ്യതത്ത്വശാസ്ത്രങ്ങൾ, സാംഖ്യം തുടങ്ങിയവ ഇവിടെ പഠിപ്പിച്ചിരുന്നു. ദേശവംശ അതിരുകൾ ഭേദിച്ചുകൊണ്ട് വിദേശരാജ്യങ്ങളിൽനിന്നുമുള്ള വിദ്യാർത്ഥികൾ അവിടെ പഠിച്ചിരുന്നു. പണ്ഡിതന്മാരായ ചരകൻ, ശുശ്രുതൻ, ഭാസ്കരാചാര്യൻ, ചാണക്യൻ, പതഞ്ജലി, വാത്സ്യായനൻ തുടങ്ങിയവർ ഗണിതം, ജ്യോതിശാസ്ത്രം, ഭൗതികശാസ്ത്രം, രസതന്ത്രം, വൈദ്യശാസ്ത്രം, കല, വാസ്തുശാസ്ത്രം തുടങ്ങിയ വിവിധ മേഖലകളിൽ പ്രധാനസംഭാവനകൾ നല്കിയവരാണ്. സ്വാതന്ത്ര്യസമരകാലത്ത് ഗോഖലെ, റാം മോഹൻ

റോയ്, ഗാന്ധിജി തുടങ്ങിയവരും ഇന്ത്യക്കാരുടെ വിദ്യാഭ്യാസനിലവാരമുയർത്താൻ ശ്രമിച്ചു.

സ്വാതന്ത്ര്യം മുതൽതന്നെ ഇന്ത്യയുടെ വികസന അജണ്ടയിൽ വിദ്യാഭ്യാസ പുരോഗതിക്ക് മുൻഗണനയുണ്ട്. വിദ്യാഭ്യാസപുരോഗതിക്കായി നയപരിപാടികൾ രൂപീകരിക്കുന്നതിനുവേണ്ടി കാലാകാലങ്ങളായി ഇന്ത്യൻ സർക്കാർ കമ്മീഷനുകളെ നിയോഗിച്ചുവന്നു. അവയിൽ പ്രധാനപ്പെട്ടവയാണ്; യൂണിവേഴ്സിറ്റി എഡ്യൂക്കേഷൻ കമ്മീഷൻ (1948-49), സെക്കണ്ടറി എഡ്യൂക്കേഷൻ കമ്മീഷൻ (1952-53), എഡ്യൂക്കേഷൻ കമ്മീഷൻ (1964-66), നാഷണൽ കമ്മീഷൻ ഓഫ് ടീച്ചേഴ്സ് (1983-85) എന്നിവ.

1968 ലെ ദേശീയ വിദ്യാഭ്യാസനയ പ്രമേയം വിദ്യാഭ്യാസ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് രൂപപ്പെട്ടത്. NEP വിദ്യാഭ്യാസ സമ്പ്രദായത്തെ സമൂലമായി ഉടച്ചുവാർക്കുന്നതിനും എല്ലാ ഘട്ടങ്ങളിലും അതിന്റെ ഗുണം മെച്ചപ്പെടുത്തുന്നതിനും ശാസ്ത്രസാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിനും ധാർമ്മികസദാചാരമൂല്യങ്ങൾ വളർത്തുന്നതിനും ജനങ്ങളുടെ ജീവിതവും വിദ്യാഭ്യാസവും തമ്മിൽ അടുത്ത ബന്ധം സ്ഥാപിക്കുന്നതിനും ദേശീയോദ്ഗ്രഥനത്തിനും ഊന്നൽ നല്കി. 1986 ലെ NEP വർഗ്ഗവർണ്ണ മതലിംഗ ഭേദമില്ലാതെ എല്ലാ വിദ്യാർത്ഥികൾക്കും നിസ്തുലമായ മേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുന്നത് വിഭാവനം ചെയ്തു.

1976 ലെ ഭരണഘടനാ ഭേദഗതി വിദ്യാഭ്യാസത്തെ സ്റ്റേറ്റ് പട്ടികയിൽ നിന്ന് കൺകറന്റ് പട്ടികയിലേക്ക് മാറ്റി. രാജ്യത്തിന്റെ ഫെഡറൽ വ്യവസ്ഥയെ മുൻനിർത്തി വിദ്യാഭ്യാസലക്ഷ്യങ്ങൾ ചിട്ടയായി സാധിക്കുന്നത് കേന്ദ്രസംസ്ഥാനസർക്കാരുകളുടെ പങ്ക്

തിരിച്ചറിഞ്ഞിട്ടാണ് ഇങ്ങനെയൊരു ഭേദഗതി ചെയ്തത്. സംസ്ഥാനങ്ങൾ വഹിക്കുന്ന പ്രധാന പങ്കിനെയും സമഗ്രവിദ്യാഭ്യാസ പ്രക്രിയയെയും തിരിച്ചറിഞ്ഞതുകൊണ്ടായിരിക്കണം ഏതൊരു വിദ്യാഭ്യാസനയവും രൂപീകരിക്കേണ്ടത്. ആയതിനാൽ ഈ നയവും 2013 ലെ ECCE, 2014 ലെ NYP, 2015 ലെ NPSDE എന്നിങ്ങനെ മറ്റ് ദേശീയതലത്തിലുള്ള നയങ്ങളെ പരിഗണിക്കുന്നു.

1986/92 ലെ ദേശീയ വിദ്യാഭ്യാസ നയരൂപീകരണം മുതൽ ഇന്ത്യയിലും ലോകത്തും ധാരാളം മാറ്റങ്ങൾ സംഭവിച്ചു. ഇന്ത്യയുടെ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക വികസനം ഉറച്ച ഒരു വിദ്യാഭ്യാസ സമ്പ്രദായം ആവശ്യമുള്ള ഒരു ഘട്ടത്തിൽകൂടിയാണ് കടന്ന് പോകുന്നത്. വിദ്യാഭ്യാസ മേഖലയിലെ പ്രധാനപ്പെട്ട സംഭവവികാസം സാർവ്വത്രിക പ്രാഥമികവിദ്യാഭ്യാസം നേടുന്നതിന് ഭരണഘടനാപരവും നിയമപരവുമായ വകുപ്പുകൾ ഉണ്ടാക്കി എന്നതാണ്. 2002 ലെ 86-ാം ഭരണഘടനാ ഭേദഗതിയെ തുടർന്ന് ആർട്ടിക്കിൾ 21.A ഭരണഘടനയിൽ ഉൾപ്പെടുത്തുകയും ആറു വയസ്സുമുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം മൗലികാവകാശമാക്കുകയും ചെയ്തു. 2009-ലെ വിദ്യാഭ്യാസാവകാശനിയമം വിദ്യാഭ്യാസം സൗജന്യവും നിർബ്ബന്ധിതവുമാക്കുകയും ചെയ്തു.

വിദ്യാഭ്യാസപ്രവർത്തനങ്ങൾ ക്ലാസ്സ്മുറിയിൽ ഒതുങ്ങുന്നതല്ല. വിദ്യാഭ്യാസത്തിന്റെ മാനം ഔപചാരിക വിദ്യാഭ്യാസത്തിലോ ഉന്നത വിദ്യാഭ്യാസത്തിലോ പരിമിതപ്പെടുത്താനാവില്ല. ക്ലാസ്സ്റൂമിൽവെച്ച് നടക്കുന്ന പാഠ്യപദ്ധതി വിനിമയത്തിനു പുറമെ ഇലക്ട്രോണിക്, അച്ചടി മാധ്യമങ്ങൾ, വിവര വിനിമയ സാങ്കേതികവിദ്യകൾ, പുസ്തകങ്ങൾ, മാസികകൾ ഇവയൊക്കെ വിദ്യാഭ്യാസപ്രക്രിയയിൽ

പങ്കാളികളാണ്. അവ്യവസ്ഥാപിത മാർഗ്ഗങ്ങളിൽ കൂടി ഇന്ന് പഠിതാക്കൾക്ക് സമകാലികവിജ്ഞാനം കൂടുതൽ പ്രാപ്യമാണ്.

തലമുറകളുടെ വേഗതയും പുതുവിജ്ഞാനത്തിന്റെ പ്രത്യേകിച്ചും ശാസ്ത്രസാങ്കേതികവിദ്യയുടെ രംഗങ്ങളിലുള്ള പ്രയോഗവല്ക്കരണവും നിത്യജീവിതത്തിൽ അതിന്റെ സ്വാധീനവും പഠിതാക്കളെ നിരന്തരം മാറ്റങ്ങൾക്ക് വിധേയമാകുന്ന വിജ്ഞാനലോകം പരിചയപ്പെടുത്തേണ്ടതിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നല്കുന്നു. മാറിക്കൊണ്ടിരിക്കുന്ന അഭിരുചിയുടെ ആവശ്യങ്ങൾക്കനുസരിച്ച് ജീവിതത്തിലുടനീളം പ്രയോജനപ്പെടുത്തേണ്ട വിജ്ഞാനവും നിപുണികളും പഠിതാക്കൾ നേടേണ്ടതിന്റെ ആവശ്യവും ശ്രദ്ധിക്കപ്പെടുന്നു. തുല്യതയും ഉൾപ്പെടുത്തലും ലക്ഷ്യംവെച്ചുകൊണ്ടുള്ള വിദ്യാഭ്യാസത്തിന്റെ മാറുന്ന സാമൂഹികസാഹചര്യങ്ങളും ദേശീയമായ ഉൽക്കണ്ഠകളും എല്ലാ പഠിതാക്കൾക്കും അവസരങ്ങൾ വർദ്ധിപ്പിക്കാനും വിജ്ഞാനാനുഭവത്തിൽ വിജയികളാവാനും എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളും വിവിധ വിദ്യാർത്ഥിവൃന്ദങ്ങൾക്ക് തുല്യമായ വിദ്യാഭ്യാസലക്ഷ്യങ്ങൾ സാധൂകരിക്കാനും ആവശ്യപ്പെടുന്നു.

നൂതന സാങ്കേതികവിദ്യകൾ, പ്രത്യേകിച്ച് ഇന്റർനെറ്റ് ജനങ്ങളുടെ ജീവിതം, തൊഴിൽ, ആശയവിനിമയം എന്നിവയെ പാടെ മാറ്റിമറിച്ചു. അവ പുതിയ വിജ്ഞാനസ്രോതസ്സുകളും വിജ്ഞാനാവസരങ്ങളും സൃഷ്ടിച്ചു. വിദ്യാഭ്യാസമേഖല ഈ നൂതന സാങ്കേതികവിദ്യകളുടെ ഉദ്ഗ്രഥനം മുൻഗണനാവിഷയമായിട്ടുണ്ട്

മേൽപറഞ്ഞ വികാസങ്ങൾ അർത്ഥമാക്കുന്നത് മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളും ആവശ്യങ്ങളുമനുസരിച്ച് വിദ്യാഭ്യാസനയങ്ങളുടെ ഉള്ളടക്കവും പ്രക്രിയയും

രൂപപ്പെടുത്തേണ്ടതാണ് എന്നതാണ്. കഴിഞ്ഞ കാലാനുഭവങ്ങളും മാറുന്ന ദേശീയ വികസന ലക്ഷ്യങ്ങളുടെയും സാമൂഹികാവശ്യങ്ങളുടെയും അടിസ്ഥാനത്തിൽ വന്ന അനിവാര്യതകളും പ്രാദേശിക ദേശീയ ആഗോള യാഥാർത്ഥ്യങ്ങളും മാറ്റങ്ങളും ഉൾക്കൊണ്ടാൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ, ഘടന, ഉള്ളടക്കം, പ്രക്രിയ ഇവയെല്ലാം ഒരു നവീകരണം ആവശ്യപ്പെടുന്നു. ഈ ഒരു ദിശയിലേക്കുള്ള ഒരു ശ്രമമാണ് ദേശീയ വിദ്യാഭ്യാസനയം 2016. ഇന്ത്യയിലെ വിദ്യാഭ്യാസത്തിന്റെ നവീകരണപ്രക്രിയയ്ക്ക് വഴികാട്ടിയാകാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഈ നയം രൂപകല്പന ചെയ്യുന്നത്.

ദേശീയ വിദ്യാഭ്യാസനയം 2016 അവലോകം ചെയ്യുന്നത് വിശ്വസനീയമായ ഒരു വിദ്യാഭ്യാസ സമ്പ്രദായത്തെയാണ്. ഈ വിദ്യാഭ്യാസസമ്പ്രദായത്തിന് എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസവും ജീവിതകാലം മുഴുവനും പാഠ്യാവസരങ്ങളും എല്ലാവർക്കും ഉറപ്പുവരുത്തണം.

വിദ്യാർത്ഥികളും ബിരുദധാരികളും വിജ്ഞാനനിപുണികളും, മനോഭാവങ്ങളും മൂല്യങ്ങളും കൊണ്ട് സമ്പന്നമാകുകയും ഉല്പാദനപരമായ ജീവിതം നയിക്കാൻ വിദ്യാഭ്യാസം കൊണ്ട് സാധ്യമാവണം. രാജ്യത്തിന്റെ വികസന പ്രക്രിയയിൽ പങ്കാളിയാകാൻ കഴിയണം. ത്വരിതവേഗത്തിൽ മാറുന്ന ആഗോളീകരണം നടന്നുകൊണ്ടിരിക്കുന്ന വിജ്ഞാനാധിഷ്ഠിത സമൂഹങ്ങളുടെ ആവശ്യങ്ങളോട് പ്രതികരിക്കാൻ കഴിയണം. ഇന്ത്യയുടെ സമ്പന്നമായ പൈതൃകം, സംസ്കാരം, ചരിത്രം ഇവയുടെ വൈവിധ്യം അംഗീകരിക്കുന്ന ഇന്ത്യൻപാരമ്പര്യത്തെ ബഹുമാനിക്കുന്ന

ഉത്തരവാദിത്തമുള്ള പൗരന്മാരെ വാർത്തെടുക്കാൻ ഈ വിദ്യാഭ്യാസത്തിന് കഴിയണം. സാമൂഹിക അച്ചടക്കവും മതസൗഹാർദ്ദവും നിലനിർത്താൻ സാധിക്കണം.

ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക വികസനത്തിന് വിദ്യാഭ്യാസത്തിന്റെ പങ്ക് ഈ നയം തിരിച്ചറിയുന്നു. മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്, "ജനങ്ങൾക്ക് വിദ്യാഭ്യാഭ്യാസമെന്തെന്ന് അറിയില്ല എന്നതാണ് യഥാർത്ഥ ബുദ്ധിമുട്ട്. നമ്മൾ വിദ്യാഭ്യാസത്തിന്റെ വില അളക്കുന്നത് ഭൂമിയുടെ വിലയോ സ്റ്റോക്ക് മാർക്കറ്റിലെ ഷെയറുകളുടെ വിലയോ അളക്കുന്നത്പോലെയാണ് കൂടുതൽ നേടാൻ പ്രാപ്തമാകുന്ന വിദ്യാഭ്യാസമാണ് കുട്ടികൾക്ക് നല്കേണ്ടത്. വിദ്യ നേടിയവന്റെ സ്വഭാവത്തിന് പുരോഗതി വന്നോ എന്ന് നമ്മൾ ചിന്തിക്കുന്നേ ഇല്ല." ഗാന്ധിജിയുടെ ചിന്തകൾ ഈ നയത്തിന് ഉത്തേജനം നല്കിയിട്ടുണ്ട്. ദീർഘകാല സാമ്പത്തിക വളർച്ചയും ദേശീയവികസനവും വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഉൽപ്പന്നങ്ങളെ ആശ്രയിച്ചുനില്ക്കുന്നു. സുസ്ഥിരവികസനത്തിന് ഗുണമേന്മയും തുല്യതയും ഉറപ്പു വരുത്തുന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് ആവശ്യം. സാമൂഹ്യസാമ്പത്തിക ചലനക്ഷമതക്കും നീതിയും ന്യായവും സമഭാവനയുമുള്ള സമൂഹം കെട്ടിപ്പടുക്കുന്നതിനും വിദ്യാഭ്യാസം ഏറ്റവും ശക്തമായ ഉപകരണമാണ്. വിദ്യാഭ്യാസം സൂഹ്യോദ്ഗ്രഥനമാധ്യമമാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം തദ്ദേശീകരണവും ആഗോളീകരണവും സംയോജിപ്പിക്കുകയും കുട്ടികളെയും യുവജനതയേയും ഇന്ത്യൻ സംസ്കാരത്തിലൂന്നിക്കൊണ്ടുള്ള ആഗോളപൗരന്മാരാക്കുകയും ചെയ്യുന്നു.

അടുത്ത കുറച്ചു വർഷങ്ങളിലേക്കുള്ള ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ചട്ടക്കൂടാണ് NEP 2016 നല്കുന്നത്. പഴയ നയങ്ങളിൽ പൂർത്തീകരിക്കപ്പെടാതെ പോയ ലക്ഷ്യങ്ങളെയാണ് ഇത് അഭിസംബോധന ചെയ്യുന്നത്. ദേശീയവികസനത്തിന് മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് NEP 2016 എല്ലാ തരത്തിലുമുള്ള വിദ്യാഭ്യാസം സമൂഹത്തിന്റെ എല്ലാ ശ്രേണികൾക്കും ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യം മുമ്പില്ലാത്തവിധം ഊന്നൽ നല്കുന്നു.

ശ്രീ അരബിന്ദോയുടെ വാക്കുകളിൽ, "ഇന്ത്യാക്കാർക്ക് ഇന്ത്യ ഉയരണമെന്നും മഹത്താകണമെന്നും സംഭവിച്ച ഏത് പ്രതിബന്ധവും അവരുടെ ലക്ഷ്യത്തെ മുന്നോട്ടുകൊണ്ടുപോകുമെന്നും ഉറച്ച വിശ്വാസമുണ്ടാകണം.... സുപ്രഭാതം ഉടനെ പൂർത്തീകരിക്കും; സൂര്യൻ ചക്രവാളത്തിലുദിക്കും. ഇന്ത്യയുടെ ഭാഗധേയത്തിന്റെ സൂര്യൻ ഉദിക്കുകയും ഇന്ത്യയിൽ വെളിച്ചം നിറച്ച് അതിപ്രസരം നടത്തുകയും അത് ഏഷ്യയും കവിഞ്ഞ് ലോകം മുഴുവൻ കവിഞ്ഞൊഴുകുകയും ചെയ്യും." 21-ാം നൂറ്റാണ്ടിന്റെ ശേഷിപ്പുകൾ ഇന്ത്യക്കുള്ളതാണ്.

## അദ്ധ്യായം - 2

## വിദ്യാഭ്യാസമേഖലയിലെ പ്രധാന വെല്ലുവിളികൾ

മുൻവിദ്യഭ്യാസനയങ്ങൾക്ക് വ്യക്തമായ ലക്ഷ്യങ്ങളുണ്ടായിരുന്നെങ്കിലും അവ പൂർണ്ണമായും സാക്ഷാത്കരിക്കാൻ നമുക്കായിട്ടില്ല. വിദ്യാഭ്യാസാവസരം, പങ്കാളിത്തം, ഗുണമേന്മ, തുല്യത, കാര്യക്ഷമത, പരിപാലനം, നിയന്ത്രണം, ഗവേഷണം, വികസനം, വിദ്യാഭ്യാസ വികസനത്തിനുള്ള സാമ്പത്തികപ്രതിബദ്ധത ഇവയൊക്കെ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്.

## പ്രവേശനവും പങ്കാളിത്തവും

ശൈശവദശയിലുള്ള വിദ്യാഭ്യാസത്തിന് ഗവേഷണഫലങ്ങൾ പ്രധാന്യമരുളുന്നുണ്ട്. ശൈശവവിദ്യാഭ്യാസത്തിന് അവസരം നല്കുക വഴി എല്ലാ കുട്ടകൾക്കും ഒരേ ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം ഉറപ്പിക്കുന്നതിന് മുൻഗണന വിഷയമാക്കും.

2000 മുതൽ സ്കൂളിനുപുറത്തുള്ള 6 മുതൽ 13 വയസ്സുകാരുടെ ശതമാനം ദേശീയതലത്തിൽ കുറഞ്ഞിട്ടുണ്ട്. എന്നാലും അവരുടെ കേവലസംഖ്യ കൂടുതലാണ്. പ്രൈമറി വിദ്യാഭ്യാസത്തിന് എൻറോൾ ചെയ്യപ്പെടുന്നതുമായി താരതമ്യപ്പെടുത്തുമ്പോൾ അപ്പർപ്രൈമറിയിലും സെക്കണ്ടറി വിദ്യാഭ്യാസത്തിലും എൻറോൾ ചെയ്യുന്നരുടെ എണ്ണം കുറവാണ്. പ്രാഥമികവിദ്യാഭ്യാസത്തിൽ നിന്നും പടിപടിയായി ഉന്നതവിദ്യാഭ്യാസത്തിലേക്ക് വിദ്യാർത്ഥികളെ എത്തിക്കുക എന്നത് വെല്ലുവിളിയാണ്.

ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസം ലോകത്തിലെ രണ്ടാമത്തെതാണ്. ഉന്നതവിദ്യാഭ്യാസത്തിലുള്ള ഇന്ത്യയുടെ ഗ്രോസ് എൻറോൾമെന്റ് റേഷിയോ 2014-15ൽ 23.6 ശതമാനം മാത്രമാണ്. ഇപ്പോഴത്തെ ലക്ഷ്യം 2017-2018 ൽ അത് 25.2 ശതമാനവും 2020-21 ൽ 30 ശതമാനവും ആക്കുക എന്നതാണ്.

നിരക്ഷരരുടെ എണ്ണം കുറയ്ക്കുക എന്നതും പ്രശ്നമാണ്. 2011 ൽ 282.6 ദശലക്ഷം ഏഴു വയസ്സിനുമീതെയുള്ള നിരക്ഷരരായ ജനസംഖ്യകൊണ്ട് ഇന്ത്യ നിരക്ഷരരുടെ ജനസംഖ്യയിൽ ഒന്നാമതാണ്. ലോകത്ത് ഏറ്റവും കൂടുതൽ നിരക്ഷരരായ യുവാക്കളും മുതിർന്നവരും ഉള്ളത് ഇന്ത്യയിലാണ്.

**ഗുണമേന്മാ പ്രശ്നങ്ങൾ**

തൃപ്തികരമല്ലാത്ത പഠനഫലങ്ങളിലേക്ക് നയിക്കുന്ന ഗുണമേന്മ കുറഞ്ഞ വിദ്യാഭ്യാസമാണ് ഇന്ത്യയെ അലട്ടുന്ന മറ്റൊരു പ്രശ്നം. പാഠ്യപദ്ധതിയിലെ പോരായ്മ, പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ കുറവ്, കാര്യക്ഷമമല്ലാത്ത രീതിശാസ്ത്രം ഇവയൊക്കെ വെല്ലുവിളികളാണ്. പ്രീസ്കൂൾ വിദ്യാഭ്യാസം കഴിയുന്നവർ പ്രൈമറിയിലെത്താനുള്ള കഴിവ് ആർജ്ജിക്കുന്നില്ല.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി അത് പഠനം തൃപ്തികരമായ രീതിയിലാക്കുന്നില്ല എന്നതാണ്. ദേശീയ നിർവഹണ സർവ്വേകൾ വ്യക്തമാക്കുന്നത് പ്രതീക്ഷിച്ചനിലവാരത്തിലത് എത്തുന്നില്ല എന്നതാണ്. പ്രൈമറി, അപ്പർപ്രൈമറി തലത്തിലെ നിലവാരത്തകർച്ച സെക്കണ്ടറി തലത്തിലെ പഠനത്തെ ബാധിക്കുന്നു. അത് പിന്നീട് കോളേജ് വിദ്യാഭ്യാസത്തെയും ഉന്നത വിദ്യാഭ്യാസത്തെയും ബാധിക്കുന്നു.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയ്ക്കു കാരണം പലതാണ്: സ്കൂളിന് നിഷ്കർഷിക്കുന്നതായ നിലവാരമില്ലായ്മ, വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഹാജർ കുറവ്, അദ്ധ്യാപകന്റെ ഉത്സാഹക്കുറവ്, പരിശീലനക്കുറവ്, വിവരസാങ്കേതികവിദ്യയുടെ അഭാവം, മേൽനോട്ടക്കുറവ് എന്നിവ അവയിൽ ചിലത് മാത്രം.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസനിലവാരം മറ്റൊരു പ്രശ്നമാണ്. അക്രെഡിറ്റേഷൻ ഏജൻസികൾ 1994ലാണ് ഇന്ത്യയിൽ സ്ഥാപിച്ചത്. 140 സർവ്വകലാശാലകളിൽ 32 ശതമാനത്തിന് മാത്രമാണ് NAAC 'എ' ഗ്രേഡ് നല്കിയിട്ടുള്ളത്. 2780 കോളേജുകളിൽ 9 ശതമാനത്തിന് മാത്രമാണ് 'എ' ഗ്രേഡ്. കൂണുപോലെ

സ്വകാര്യകോളേജുകളും സർവ്വകലാശാലകളും മുളച്ചുവെങ്കിലും അവയുടെയൊക്കെ ഗുണനിലവാരം തുലോം തുച്ഛമാണ്.

അടിസ്ഥാനസൗകര്യങ്ങളുടെ ദൗർലഭ്യം, യോഗ്യരായ അദ്ധ്യാപകരുടെ കുറവ്, ഗവേഷണപ്രവർത്തനങ്ങളിലെ സാമ്പത്തിക സഹായമില്ലായ്മ ഇവയെല്ലാം ഉന്നതവിദ്യാഭ്യാസത്തിലെ പ്രശ്നങ്ങളാണ്.

**അഭിരുചികളും വിനിയോഗശേഷിയും**

ആകെ ജനസംഖ്യയുടെ 54 ശതമാനം 25 വയസ്സിന് താഴെയുള്ള ചെറുപ്പക്കാരുള്ള രാഷ്ട്രങ്ങളിലൊന്നാണ് ഇന്ത്യ. അതുകൊണ്ട് തന്നെ അഭിരുചികളും പരിജ്ഞാനവും നേടിക്കൊണ്ട് തന്നെ യുവജനത ജോലിയിൽ പ്രവേശിക്കേണ്ടതുണ്ട്. പക്ഷേ സാങ്കേതികവും തൊഴിൽപരവുമായ വിദ്യാഭ്യാസപരിപാടികളുടെ അടിസ്ഥാനക്രമീകരണങ്ങൾ മോശപ്പെട്ടതാണ്. ഈയടുത്ത കാലത്താണ് തൊഴിൽപരമായ രംഗങ്ങളിൽ ജീവിതനിപുണികൾക്ക് ഇടം കണ്ടത്. ഉയർന്ന ഗുണമേന്മയുള്ള തൊഴിൽപരിശീലനത്തിന് അന്തസ്സും സാമൂഹിക അംഗീകാരവും നേടുക എന്നത് ശ്രദ്ധാർഹമായ കാര്യമാണ്.

തൊഴിലനുയോജ്യമായ നിപുണികളില്ലാത്തത് ഉന്നതവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ വിശ്വാസ്യതയെ തകർത്തു. ധാരാളം ബിരുദബിരുദാനന്തര വിദ്യാർത്ഥികൾക്ക് അവരുടെ മേഖലകളിൽ ജോലി ലഭിക്കുന്നില്ല. തൊഴിലിന് ഉപയുക്തമാക്കുക എന്നത് പ്രാധാന്യമർഹിക്കുന്ന കാര്യമാണ്.

## പാഠ്യപദ്ധതിയും മൂല്യനിർണ്ണയവും

നിലവിലുള്ള സ്ക്കൂൾ, ഉന്നത വിദ്യാഭ്യാസ പാഠ്യപദ്ധതികൾക്കിടയിൽ വളരെയധികം ചേർച്ചക്കുറവുണ്ട്. ഈ സന്ദർഭത്തിലെ വെല്ലുവിളി വേണ്ടത്ര നിപുണികൾ ആർജ്ജിക്കാനൊരുക്കുക എന്നതാണ്. ഈ നിപുണികൾ വിദ്യാർത്ഥികളെ കൂടുതൽ നന്നായി ആശയവിനിമയം നടത്താനും, കൂടുതൽ ക്രിയാത്മകമാക്കാനും, ഉത്തരവാദിത്തമുള്ള പൗരൻമാരാക്കാൻ സഹായിക്കുന്നതുമാകണം; സ്ക്കൂൾ കോളേജ് തലത്തിലെ മൂല്യനിർണ്ണയ നിലവാരവും തൃപ്തികരമല്ല. പഠനനേട്ടങ്ങൾ മൂല്യനിർണ്ണയം നടത്തുമ്പോൾ മനഃപാഠത്തേയും പാഠഭാഗത്തേയും അടിസ്ഥാനപ്പെടുത്തിയാവുന്നുണ്ട്. ആയതിനാൽ മൂല്യനിർണ്ണയ രീതി മുഴുവനായും ഉടച്ചുവാർക്കേണ്ടതുണ്ട്.

## വിവരസാങ്കേതിക വിദ്യ

വിവരസാങ്കേതിക വിദ്യ ഇക്കഴിഞ്ഞ ദശകങ്ങളിൽ മുന്നോട്ടു കുതിച്ചിട്ടുണ്ടെങ്കിലും അതിന്റെ സാധ്യത വിദ്യാഭ്യാസമേഖലയിൽ ഉപയോഗപ്പെടുത്തിയിട്ടില്ല. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് വിവരസാങ്കേതിക വിദ്യയുടേയും പ്രയോജനം ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

## അദ്ധ്യാപകവികസനം

അദ്ധ്യാപകരുടെ മൂല്യവും പ്രകടനവും മെച്ചപ്പെടുത്താനുള്ള പരിശീലന പരിപാടികൾക്ക് പോരായ്മകളുണ്ട്. അദ്ധ്യാപകരുടെ ദൗർലഭ്യവും ഒരു പ്രശ്നമാണ്. അദ്ധ്യാപന പരിശീലനത്തിൽ ഗവേഷണവും പരീക്ഷണവും ക്രിയാത്മകതയും ഇല്ല. പഠനഫലങ്ങൾ

വിദ്യാർത്ഥികൾക്ക് ലഭിക്കാൻ അദ്ധ്യാപകരുടെ കഴിവ് ഉത്സാഹം, ഉത്തരവാദിത്തബോധം എന്നിവ വർദ്ധിപ്പിക്കേണ്ടതുണ്ട്. പ്രാദേശികവ്യത്യാസങ്ങൾ ഇപ്പോഴും തുടരുന്നു. ചില സംസ്ഥാനങ്ങളിൽ എൻറോൾമെന്റ് നിരക്ക് ദേശീയ ശരാശരിയേക്കാളും താഴെയാണ്. സാർവത്രികവും പ്രാഥമികവും സെക്കണ്ടറിയുമായ വിദ്യാഭ്യാസം നേടുക എന്നത് ഭാരിച്ച ഒരു ഉത്തരവാദിത്തമായി കാണുന്നുണ്ട്.

സ്ക്കൂൾ പ്രവേശനം കിട്ടാത്തവരിൽ ശാരീരിക വെല്ലുവിളികളുള്ളവരും പെൺകുട്ടികളുമേറെയാണ്. ചരിത്രപരമായും സാമ്പത്തികപരമായും പിന്നോക്കം നില്ക്കുന്ന കുട്ടികളുടെ പ്രകടനം മോശമാണെന്നും സർവ്വേകളിൽ കാണാം. ലിംഗവ്യത്യാസങ്ങളും സാമൂഹിക വർഗ്ഗവ്യത്യാസങ്ങളും മറികടക്കുന്നതിനുതകുന്ന ഇടപെടലുകൾ കുറേക്കൂടി ശക്തിപ്പെടുത്തേണ്ടതുണ്ട്.

**കാര്യക്ഷമത**

സ്ക്കൂൾ വിട്ടുപോകുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവെങ്കിലും ഇപ്പോഴും ധാരാളം കുട്ടികൾ പ്രാഥമിക വിദ്യഭ്യാസം പൂർത്തിയാക്കാത്തവരാണ്. സ്ക്കൂളിൽ നിലനിർത്തപ്പെട്ടവരുടെ നിരക്ക് 2014-15 ൽ പ്രൈമറി തലത്തിൽ 83.7 ശതമാനവും പ്രാഥമിക തലത്തിൽ 67.4 ശതമാനവുമാണ്. ഓരോ പത്ത് കുട്ടികളിലും നാലു പേർ വീതം എട്ടാം ക്ലാസ്സ് ആകുന്നതിന് മുമ്പ് കൊഴിഞ്ഞുപോകുന്നു. കൊഴിഞ്ഞുപോകൽ നിരക്ക് സാമൂഹ്യമായും സാമ്പത്തികപരമായും പിന്നോക്കം നില്ക്കുന്നവരുടേയും പെൺകുട്ടികളുടേയും എണ്ണത്തിൽ മുന്നിലാണ്. ഈ വിഷയം മുൻഗണനയർഹിക്കുന്നതാണ്.

### കൃത്യനിർവഹണവും പരിപാലനവും

കൃത്യനിർവഹണവിലോപത്തിനുള്ള കാരണങ്ങൾ അദ്ധ്യാപകരുടെ അഭാവം, ഫണ്ടില്ലായ്മ എന്നിവയൊക്കെയാണ്. ആസൂത്രിത പരിപാടികൾ നടപ്പിൽ വരുത്തുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. സ്വകാര്യമേഖലയിലെ വിദ്യാഭ്യാസ ദാതാക്കളുടെ അതിപ്രസരവും പരിപാടികളും കൃത്യനിർവഹണത്തേയും പരിപാലനത്തേയും സങ്കീർണ്ണമാക്കുന്നു. വിദ്യാഭ്യാസക്കച്ചവടം സാർവ്വത്രികമാവുകയും ചെയ്തു.

### ഗവേഷണവും വികസനവും

ഇന്ത്യയിലെ ഗവേഷണത്തിനുള്ള സംരംഭങ്ങൾ ദുർബ്ബലമാണ്. അന്തർദേശീയനിലവാരം പ്രോത്സാഹിപ്പിക്കൽ, ഗവേഷണത്തിന്റെ ഗുണമേന്മ ഉയർത്തൽ, സർവകലാശാല വകുപ്പുകളെ ഗവേഷണസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തൽ, അദ്ധ്യാപനത്തിലും ഗവേഷണത്തിലുമുള്ള മാറ്റ് കൂട്ടൽ ഇവയൊക്കെ ഈ രംഗത്ത് അവശ്യം ചെയ്യേണ്ടവയാണ്.

### ബഡ്ജറ്റിലെ പരിമിതികൾ

വിദ്യാഭ്യാസമേവർക്കും ലഭിക്കുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും ഫണ്ടിന്റെ പോരായ്മയുണ്ട്. സ്ക്കൂളുകൾ കോളേജുകൾ, സർവകലാശാലകൾ, എന്നിവിടങ്ങളിലേക്ക് ഫണ്ടുകൾ വൈകിയെത്തുന്നത് വെല്ലുവിളി ഉയർത്തുന്നു.

മുൻ വിദ്യാഭ്യാസനയങ്ങൾ GDP യുടെ 6 ശതമാനം വിദ്യാഭ്യാസത്തിന് വക വരുത്തിയിട്ടുണ്ട്. ഈ ലക്ഷ്യം ഒരിക്കലും കൈവരിച്ചിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തതയാണ് വലിയ തടസ്സം.

**ആഗോളപ്രതിബദ്ധത**

ആഗോള സുസ്ഥിര വികസന ലക്ഷ്യം 4 അജണ്ടയിൽ 2030-ൽ എല്ലാവർക്കും തുല്യമായ ഗുണമേന്മയുള്ള വിദ്യാഭ്യാസവും ജീവിതത്തിലുടനീളമുള്ള പഠനാവസരങ്ങളും ഉറപ്പു വരുത്തുക എന്നതാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2000-ലെ EFA അജണ്ടയിൽ പറഞ്ഞപ്രകാരം നിരക്ഷരരുടേയും സ്ക്കൂളിന് പുറത്തുള്ളവരുടേയും എണ്ണം കുറയ്ക്കൽ, നൈപുണി വികസനത്തിനുള്ള അവസരം ഒരുക്കൽ, ഗുണമേന്മയുള്ള വിദ്യാഭ്യസമെത്തിയ്ക്കൽ എന്നിവ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ NEP (2016) പൂർത്തീകരിക്കപ്പെടാത്ത ഈ രണ്ട് അജണ്ടകളേയും ലക്ഷ്യം വയ്ക്കുന്നു. വിദ്യാഭ്യാസമേഖലയിലെ വെല്ലുവിളികൾ നൂതനസമീപങ്ങളും സുസ്ഥിരശ്രമങ്ങളും ക്ഷണിക്കുന്നു. സാർവത്രിക വിദ്യാഭ്യാസം, ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നിവയ്ക്ക് കോട്ടം തട്ടുന്നതിന് അനുവദിക്കുന്നതല്ല. പ്രധാനാവശ്യം ഇന്ത്യയിലെ വിദ്യാഭ്യാസ വളർച്ചയ്ക്ക് മുന്നിലുള്ള വ്യത്യസ്ത വെല്ലുവിളികളെ നേരിടാൻ തന്ത്രങ്ങൾ മെനയുകയും അങ്ങനെ രാജ്യത്തിന്റെ ജനസംഖ്യാവളർച്ചയുടെ കഴിവ് സാക്ഷാത്ക്കരിക്കലുമാണ്.

## അദ്ധ്യായം-3

## വീക്ഷണം, ദൗത്യം, ലക്ഷ്യങ്ങൾ, ഉദ്ദേശങ്ങൾ

**വീക്ഷണം**

നാഷണൽ എഡ്യുക്കേഷൻ പോളിസി (NEP) 2016 ദർശിക്കുന്നത് വിശ്വാസയോഗ്യമായ വിദ്യാഭ്യാസമേന്മ ജീവിതവസാനംവരെ പഠനാവസരങ്ങൾ എല്ലാവർക്കും ഒരുപോലെ ഉറപ്പുവരുത്തുകയും എല്ലാ വിദ്യാർത്ഥികളെയും ബിരുദധാരികളെയും അറിവിനാലും

വൈദഗ്ദ്ധ്യത്താലും സജ്ജരാക്കുകയും സമർത്ഥമായ ജീവിതം നയിക്കുന്നതിനാവശ്യമായ നിലപാടുകളാലും മൂല്യങ്ങളാലും രാജ്യത്തിന്റെ വികസന പ്രവർത്തനത്തിൽ പങ്കാളികളാകുന്നതിനും പെട്ടെന്ന് മാറിവരുന്ന ആവശ്യതകൾക്കനുസരിച്ച് പ്രതികരിക്കുവാനും ആഗോളികരിക്കുന്നതിനും സാമൂഹികവും സാമ്പത്തികവുമായ അറിവുളവാക്കുന്നതിനുമാണ്.

**ദൗത്യം**

കുട്ടികൾ, യുവജനങ്ങൾ തുടങ്ങിയെല്ലാവർക്കും തുല്യമായ മേന്മയുള്ള ദീർഘകാല പഠനാവസരങ്ങൾ ഒരുക്കുന്നതിൽ ഉറപ്പുവരുത്തുവാനും ധർമ്മത്താലും ഉത്കൃഷ്ടതയാലും രാജ്യത്തിന്റെ മാനവസമ്പത്തിനെ പരിപോഷിപ്പിക്കുന്നതിനും സന്നദ്ധമാക്കുന്നു.

- സ്ക്കൂൾ, ഉന്നതവിദ്യാഭ്യാസത്തിലൂടെയും വിദ്യാഭ്യാസ പദ്ധതികളിലൂടെയും കുട്ടികളിലും യുവജനങ്ങൾക്കിടയിലും മുതിർന്നവർക്കിടയിലും ഭാരതത്തിന്റെ സമ്പന്നമായ പൈതൃകത്തെയും ഭൂതകാലപ്രതാപത്തെയും മഹത്തായ പാരമ്പര്യത്തെയും ഭിന്നങ്ങളായ സംസ്കാരത്തെയും കുറിച്ച് ബോധവാന്മാരാക്കുന്നതിനും കൂടാതെ പഠിതാക്കളെ ഉത്തരവാദിത്വമുള്ള പൗരന്മാരാക്കുന്നതിനും സമാധാനം, മതേതരത്വം, രാജ്യത്തിന്റെ ഐക്യദാർഢ്യത, സഹിഷ്ണുത, സാമൂഹികമായ പരസ്പരാശ്രയത്വം, എല്ലാ മതങ്ങളോടുമുള്ള തുല്യ ആദരവ് എന്നിവ കൂടാതെ ആഗോള പൗരത്വവും വികസനവും ലഭ്യമാക്കുവാൻ ഉറപ്പുവരുത്തുന്നു.
- വിദ്യാഭ്യാസമേന്മ പരിപോഷിപ്പിക്കുന്നതിനായി പാഠ്യപദ്ധതിയിലും പഠനസാമഗ്രികളിലും അദ്ധ്യാപന ശാസ്ത്ര പ്രക്രിയകളിലും പഠനനിലവാരം അളക്കുന്നതിലും

അദ്ധ്യാപകമേന്മയും നിർവഹണവും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പും നേതൃത്വവും, സമൃദ്ധമായ ജീവിതം നയിക്കുന്നതിനും രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിനും ഉയർന്നു വരുന്ന ആഗോള വെല്ലുവിളികളോട് പ്രതികരിക്കുവാനും വിദ്യാർത്ഥികൾക്കെല്ലാം വിദ്യാഭ്യാസത്തിൻറെ എല്ലാ മേഖലകളിലും (അറിവ്, വൈദഗ്ദ്ധ്യം, നിലപാട്, മൂല്യം) ഉറപ്പുവരുത്തുന്നു.

- എല്ലാ പഠിതാക്കളും തൊഴിലിലും വ്യവസായ സംരംഭത്തിലും തക്കതായ വൈദഗ്ദ്ധ്യവും കാര്യക്ഷമതവും നേടുവാനും പ്രത്യേകിച്ചും തൊഴിൽപരവും സാങ്കേതികപരവുമായ നിപുണത കൈവരിക്കുവാനും പഠനത്തിലൂടെ നിർമ്മാണാത്മകമായും നൂതനമായും വിമർശനബുദ്ധിയോടെ ചിന്തിക്കുവാനും ഫലപ്രദമായി ആശയവിനിമയം നടത്തുവാനും പരാശ്രയമില്ലാതെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂടാതെ രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ സംഭാവനകൾ ചെയ്യുന്നതിനും സന്നദ്ധരാക്കുന്നു.
- 

**ഉദ്ദേശലക്ഷ്യങ്ങൾ**

ഇന്ത്യയുടെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ വിശ്വാസയോഗ്യത ഉയർത്തുവാനും വിദ്യാഭ്യാസത്തിന്റെ മേന്മയും പ്രാധാന്യവും പരിപോഷിപ്പിക്കുന്നതുമാണ് പ്രധാന ലക്ഷ്യം. കൂടാതെ സ്കൂൾ, ഉന്നതവിദ്യാഭ്യാസത്തിലൂടെ തൊഴിൽ വർദ്ധനവ് മെച്ചപ്പെടുത്താനും പ്രാഥമിക വിദ്യാഭ്യാസം മുതൽ മൂന്നാം ഘട്ട വിദ്യാഭ്യാസംവരെയും പക്ഷപാതരഹിതമായി ഉറപ്പാക്കാനും പ്രത്യേകിച്ചും തൊഴിൽപരവും സാങ്കേതികപരവുമായ ശിക്ഷണത്തിലൂടെയും ദീർഘകാല

പഠനാവസരങ്ങളും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുള്ളവർക്കും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുള്ളവർക്കും പഠനാവസരങ്ങൾ ലഭ്യമാക്കുന്നതിനും ഉറപ്പുവരുത്തുന്നു.

വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ദൗത്യവും വീക്ഷണവും താഴെ പറയുന്നു;

- പ്രാഥമിക വിദ്യാഭ്യാസത്തിനാവശ്യമായ വികസന സന്നദ്ധത ഉളവാക്കുന്നതിനായി നാലുമുതൽ അഞ്ചുവയസ്സുവരെയുള്ള കുട്ടികൾക്ക് പ്രീ-സ്കൂൾ വിദ്യാഭ്യാസം ലഭിക്കുവാൻ സേവനങ്ങൾ വിപുലപ്പെടുത്തുകയും പിന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ജനസമൂഹത്തിലെ കുട്ടികൾക്ക് പ്രത്യേക ശ്രദ്ധയും ചെലുത്തുക.
- പ്രാഥമിക വിദ്യാഭ്യാസം മദ്ധ്യമ വിദ്യാഭ്യാസവും നേടിയവർക്ക് ഉന്നതവിദ്യാഭ്യാസം നേടുന്നതിന് സഹായിക്കുകയും വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉറപ്പുവരുത്തുന്നു.
- എല്ലാ വിദ്യാഭ്യാസ പദ്ധതികളും കുട്ടികളും യുവജനങ്ങളുമടങ്ങുന്ന എല്ലാ വിഭാഗങ്ങൾക്കും പ്രവേശനം നേടുവാനും പ്രത്യേകിച്ചും വിവിധ തരത്തിലുള്ള അവശതകളുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും മറ്റും കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും അവരാഗ്രഹിക്കുന്ന തൊഴിൽ നേടുന്നതിന് സഹായിക്കുവാനും ഉറപ്പുവരുത്തുന്നു.
- പ്രാദേശിക സാമൂഹിക ലിംഗഭേദമന്യേ വിദ്യാഭ്യാസം നേടുവാനും വിദ്യാഭ്യാസത്തിലൂടെ പെൺകുട്ടികളുടെയും സ്ത്രീകളുടെയും ഉന്നമനവും ഉറപ്പുവരുത്തുന്നു.

- മാറിവരുന്ന ലോകത്തിന്റെ ആവശ്യകതയനുസരിച്ച് തൊഴിലിലും ജീവിതത്തിലും വൈദഗ്ദ്ധ്യവും കാര്യക്ഷമതയും നേടുവാനും പ്രത്യേകിച്ചും സാങ്കേതികവും തൊഴിൽപരവുമായ നിപുണതയും ആവശ്യമായി വരുന്ന തൊഴിലുകൾ, വ്യവസായ സംരംഭങ്ങൾ എന്നിവിടങ്ങളിൽ യുവജനതയ്ക്കും മറ്റുള്ളവർക്കും തൊഴിലവസരങ്ങൾ വിപുലപ്പെടുത്തുവാൻ ഉറപ്പുവരുത്തുന്നു.
- ഔപചാരിക വിദ്യാഭ്യാസം നേടുവാൻ കഴിയാത്ത ചെറുപ്പക്കാർക്കും (15-24 വയസ്സുവരെ) മുതിർന്നവർക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉറപ്പുവരുത്തും.
- ആശയവിനിമയത്തിന്റെ (ICT'S) സഹായത്താൽ വിദ്യാഭ്യാസത്തിന്റെ ഉദ്ഗ്രഥനം സംഭവ്യമാക്കുക പ്രത്യേകിച്ചും വിദ്യാഭ്യാസം ലഭിക്കുന്നതായുള്ള വഴിമെച്ചപ്പെടുത്തുവാനും അദ്ധ്യാപനപഠനരീതിയുടെ മേന്മ വർധിപ്പിക്കുവാനും അദ്ധ്യാപകരുടെ പരിശീലനം വിദ്യാഭ്യാസ ആസൂത്രണവും നടത്തിപ്പിനെയും ശക്തിപ്പെടുത്തുവാനും സജ്ജമാക്കുന്നു.
- സ്ത്രീപുരുഷഭേദമന്യേ എല്ലാവർക്കും 90 ശതമാനം സാക്ഷരതയിലും സംഖ്യയിലും വൈദഗ്ദ്ധ്യം നേടുന്നതിന് മുതിർന്നവർക്കായുള്ള വിദ്യാഭ്യാസ പദ്ധകളിലൂടെ ഉറപ്പുവരുത്തും.
- വിപുലമാക്കുന്ന വിദ്യാഭ്യാസ മേഖലയുടെ ആവശ്യകതയും മുൻഗണനയുമനുസരിച്ച് ദേശീയ തലങ്ങളിലും പ്രാദേശികതലങ്ങളിലും വിദ്യാഭ്യാസ മേഖലകളിൽ നേതൃത്വം ഉറപ്പുവരുത്തുവാനും സന്നദ്ധമാകുന്നു.
- വിദ്യാഭ്യാസപദ്ധതികളുടെ വികസനത്തിനായി സാമ്പത്തികഭദ്രത ഉറപ്പുവരുത്തുന്നു.

പഠിതാക്കളുടെ അഭിരുചിയനുസരിച്ച് തൊഴിലിന് ആവശ്യമായ സമർത്ഥമായ വൈദഗ്ദ്ധ്യം നേടുന്നതിനും വിദൂരവിദ്യാഭ്യാസത്തിലൂടെ ഔപചാരികവും അനൗപചാരികവുമായ പഠനരീതികൾ അവലംബിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യംവയ്ക്കുന്നു.

## അദ്ധ്യായം 4

### പദ്ധതി രൂപഘടന

മേൽപറഞ്ഞ ഭാഗങ്ങളിൽ ഈ പദ്ധതിയുടെ വീക്ഷണങ്ങളുടെയും വെല്ലുവിളികളുടെയും സാരാംശം നാം മനസ്സിലാക്കുന്നു. ഇത്തരം പദ്ധതികളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുവരുന്നു. വിവിധ സംസ്ഥാനങ്ങളിലായി വ്യാപിച്ചിരിക്കുന്ന ചിലതാകട്ടെ വർഷങ്ങളായും മറ്റുചിലത് ദശകങ്ങളായും നടന്നുവരുന്നു. വിവിധ സംസ്ഥാനങ്ങളിലായി വ്യാപിച്ചിരിക്കുന്ന അതിബൃഹത്തായ വിദ്യഭ്യാസത്തിന്റെ വൈവിധ്യമാർന്ന ഭൂഭാഗചിത്രത്തെപ്പറ്റിയുള്ള അറിവും നമുക്കുണ്ടാകേണ്ടതാണ്. എന്നിരിക്കിലും ഈ വെല്ലുവിളികളെ നേരിടുന്നതിന് ഒരു പരിഹാരമോ പ്രത്യുപായങ്ങളോ ഇല്ല. ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം വിദ്യഭ്യാസ മേന്മയാണ്. വിദ്യഭ്യാസമേന്മ ഉറപ്പുവരുത്തുന്നതിനായി നടന്നുവരുന്ന വിപുലമായ പ്രവർത്തനങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിക്കുകയാണ്. ഇതോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രത്യേക ശ്രദ്ധചെലുത്തുന്നുണ്ട്. ആഗോളപരമായ മാറ്റങ്ങളും സാങ്കേതികപരമായ വികാസവും പുതിയമേഖലകൾ തിരിച്ചറിയുന്നതിനും നിരവധിയായ ഉദ്ദ്യേശ്യങ്ങളും കൊണ്ടുവരുന്നതിനും സഹായിക്കുന്നു.

പ്രാദേശിക സംസ്ഥാന കേന്ദ്ര ഭരണപ്രദേശങ്ങളിലെല്ലാം തന്നെ ഈ രൂപഘടനയുടെ പ്രവർത്തനം നടപ്പിൽവരുത്തുന്നതിനായുള്ള നടപടികൾ കൈക്കൊള്ളും. പ്രത്യേകിച്ചും പ്രാദേശിക സംസ്ഥാന ഭരണസംവിധാനങ്ങൾ അവരുടേതായ പദ്ധതികളും പ്രവർത്തനങ്ങളും 2016 നാഷണൽ എജ്യൂക്കേഷൻ പോളിസിയുമായി സംയോജിപ്പിച്ച് രൂപീകരിക്കണം.

**ഉള്ളടക്കം**

**4.1 പ്രീ-സ്കൂൾ വിദ്യഭ്യാസം**

കഴിഞ്ഞകാലങ്ങളിൽ പ്രീ-സ്കൂൾ വിദ്യഭ്യാസത്തിനുവേണ്ടത്ര ശ്രദ്ധചെലുത്താത്തതിനാൽ സർക്കാർ സ്കൂളുകളിലും പ്രീ-സ്കൂൾ വിദ്യഭ്യാസം ലഭ്യമാക്കിയിരുന്നില്ല. സ്ത്രീ-ശിശു വികസനമന്ത്രാലയം കുട്ടികളുടെ ഉദ്ഗ്രഥന സേവന പദ്ധതിപ്രകാരം പ്രീ-സ്കൂൾ വിദ്യഭ്യാസം നടപ്പിൽ വരുത്തുന്നു. ബാല്യകാല അവസ്ഥയിൽ കുട്ടികളുടെ മാനസികവും ശാരീരികവുമായ വികസനവും ഉന്നതിയിലായിരിക്കുമെന്നുള്ള വസ്തുത സാർവലോകത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

ഈ പദ്ധതി മുൻകൈയെടുക്കുന്നവ താഴെ പറയുന്നു.

1. സ്ത്രീ-ശിശു വികസന മന്ത്രാലയത്തിന്റെ സഹകരണത്താൽ 4 മുതൽ 5 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രീ-സ്കൂൾ വിദ്യഭ്യാസം ഏർപ്പെടുത്തുന്നതിന് പ്രാമുഖ്യം നൽകും.
2. ഇപ്പോൾ ICDSന്റെ കീഴിലുള്ള അംഗൻവാടിയിലൂടെ തൃപ്തികരമായ പ്രീ-സ്കൂൾ വിദ്യഭ്യാസം നൽകുവാൻ സജ്ജരല്ല. അംഗൻവാടിയിലൂടെ നൽകുന്ന പ്രീ-സ്കൂൾ വിദ്യഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ഒരു വർഷത്തിനുള്ളിൽ സംസ്ഥാന

സർക്കാരുമായി കൂടിയാലോചിച്ച് പാഠ്യപദ്ധതിരൂപീകരിക്കുകയും പഠനസാമഗ്രികളുടെ വികസനവും അംഗൻവാടി അദ്ധ്യാപകർക്ക് പരിശീലനം തുടങ്ങിയ നടപടികൾ സ്വീകരിക്കും.

3. പ്രീ-സ്കൂൾ അദ്ധ്യാപകർക്ക് വേണ്ടുന്ന പരിശീലനം നൽകുന്നതിന് സംസ്ഥാനസർക്കാരുകൾ ആവശ്യമായ നടപടികൾ സ്വീകരിക്കും. അംഗൻവാടിയിൽ നിന്നും പ്രീ-പ്രൈമറി സ്കൂളുകളിലേക്കുള്ള രൂപാന്തരം അനുക്രമമായിരിക്കും. കൂടാതെ ഈ സ്ഥിതി കൈവരിക്കുന്നതിന് ഓരോ സംസ്ഥാനത്തിന് സമയപരിധിയും നൽകും.
4. നിശ്ചിത കാലയളവിനുള്ളിൽ എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീ-പ്രൈമറി വിദ്യഭ്യാസം പൂർത്തീകരിക്കും. ഇതിനായി സ്കൂൾ പരിസരങ്ങളിലോ മറ്റ് സമീപപ്രദേശങ്ങളിലോ അംഗൻവാടികൾ സ്ഥാപിക്കുന്നതിനായി പരിശ്രമം നടത്തും.

### 4.2 ബാലകൗമാര വിദ്യഭ്യാസ അവകാശസംരക്ഷണം

കുട്ടികളുടെ അവകാശങ്ങളുടെ സംരക്ഷണം കുട്ടികളുടെ സുരക്ഷയ്ക്കുമപ്പുറം ശാരീരികവും മാനസികവുമായുള്ള പീഢനം, സ്കൂൾ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന പരിക്കുകൾ തടയുന്നതിന് ആവശ്യമായ മുൻകരുതലുകൾ, വേർതിരിവില്ലായ്മ, കുട്ടികളോട് സൗഹൃദമായി സംസാരിക്കുകയും പെരുമാറുകയും ചെയ്യുക തുടങ്ങിയ നിരവധിയായ കാര്യങ്ങൾ കുട്ടികളുടെ സുരക്ഷയിൽ ഉൾപ്പെടുന്നു. കുട്ടികളുടെ അവകാശസംരക്ഷണത്തിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനായുള്ള നിലപാടുകൾ സ്വീകരിക്കുന്നു.

അതിനായി താഴെ പറയുന്ന തുടർ നടപടികൾ സ്വീകരിക്കും.

1. സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായുള്ള നിർദ്ദേശങ്ങളുടെ രൂപമാതൃക തയ്യാറാക്കുന്നതിനും വിദ്യഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം പരിശോധിക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിക്കും.

2. കുട്ടികളുടെ അവകാശവുമായി ബന്ധപ്പെട്ട് നിയമങ്ങളെക്കുറിച്ചും നിയമനടപടികളെക്കുറിച്ചും എല്ലാ പ്രധാനഅദ്ധ്യാപകരെയും അദ്ധ്യാപകരെയും ബോധവാന്മാരാക്കുന്നതിനായി അദ്ധ്യാപക പരിശീലന പദ്ധതിയിൽ ഇവ ഒരു വിഷയമായി ഉൾപ്പെടുത്തണം.

3. കുട്ടികളുടെ അവകാശത്തിന്റെ ഭാഗമായി ഓൺലൈൻ പഠനംപോലുള്ള വിദ്യഭ്യാസ പദ്ധതികളുടെ പ്രയോജനം മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ലഭ്യമാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

4. വളർന്നു വരുന്ന ആൺകുട്ടികളും പെൺകുട്ടികളും നേരിടുന്ന കൗമാരപ്രശ്നങ്ങളെപ്പറ്റി മാതാപിതാക്കളെയും അദ്ധ്യാപകരെയും ബോധവാന്മാരാക്കുന്നതിൽ പരിശീലനം സിദ്ധിച്ച വ്യക്തികളെക്കൊണ്ട് കൗൺസിലിംഗ് പ്രോഗ്രാമുകൾ നടത്തുവാൻ സ്കൂൾ അധികൃതർ തയ്യാറാകണം.

5. ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പരിശീലന പദ്ധതിയിൽ കൗമാര വിദ്യഭ്യാസത്തെപ്പറ്റിയും ഉൾപ്പെടുത്തും.

**4.3 സ്ക്കൂൾ വിദ്യാഭ്യാസ പഠന സംക്ഷിപ്തം**

പ്രാഥമിക വിദ്യാഭ്യാസത്തിൽ ഉളവാകുന്ന തുടർച്ചയായ പഠനനിലവാരമില്ലായ്മ ശ്രദ്ധ ചെലുത്തേണ്ട കാര്യമാണ്. വായന, ഗണിതം, എഴുത്ത് എന്നിവയിൽ അടിസ്ഥാനപരമായ അറിവുകൾ പോലും സ്ക്കൂൾ വിദ്യാഭ്യാസത്തിൽ നിന്നും കുട്ടികൾ നേടുന്നില്ല

എന്നതാണ് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ഇതിന് പരിഹാരം എന്നോണം സംസ്ഥാന സർക്കാരുകൾ ചില നടപടികൾ സ്വീകരിച്ചുവെങ്കിലും ഈ പ്രശ്നം ഇപ്പോഴും ഒരു വെല്ലുവിളിയായി തുടരുന്നു. ആയതിനാൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ മേന്മ മെച്ചപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

1. സർക്കാർ സ്വകാര്യ സ്ക്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസഫലം ഉറപ്പു വരുത്തുന്നതിനായി ആർ.ടി.ഇ ആക്ട് നിർദ്ദേശിക്കുന്ന നിയമങ്ങൾ ഉൾപ്പെടുത്തണം.
2. ആർ.ടി.ഇ. ആക്ട് നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാന സർക്കാരുകൾ പ്രാദേശിക അവസ്ഥകൾ ഉൾക്കൊണ്ട് കൊണ്ട് ആന്തരഘടന രൂപപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യുക. പ്രതികൂല സാഹചര്യങ്ങളിൽ ജീവിക്കുന്ന കുട്ടികൾക്കും മാതാപിതാക്കളുടെ ജോലി സംബന്ധിയായും മറ്റും കുടിയേറിപ്പാർക്കുന്ന കുട്ടികൾക്കും പ്രത്യേകം പരിഗണന നല്കുന്നതിനായി ആർ.ടി ഇ ആക്ട് നിർദ്ദേശിക്കുന്ന രീതിയിലുള്ള സ്ക്കൂളുകൾ ആവശ്യമെങ്കിൽ സ്ഥാപിക്കണം.
3. അദ്ധ്യാപന നിലവാരം ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ഇലക്ട്രോണിക് മാധ്യമങ്ങളിലൂടേയും മറ്റും വിദ്യാർത്ഥികൾക്ക് അക്കാദമികമായ പ്രത്യേക പിന്തുണ നല്കുക.

**4.4. സ്ക്കൂൾ വിദ്യാഭ്യാസം**

സാർവലോകിക വിദ്യാഭ്യാസം യാഥാർത്ഥ്യമാകുമ്പോൾ സെക്കണ്ടറി വിദ്യാഭ്യാസത്തെ വിപുലപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. എല്ലാ യോഗ്യരായ വിദ്യാർത്ഥികളേയും ഉൾക്കൊള്ളിക്കുവാൻ സെക്കണ്ടറി സ്ക്കൂൾ മേഖലകളിൽ പരിവർത്തനം ഉളവാക്കുക എന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. ഇപ്പോൾ നിലവിലിരിക്കുന്ന പരീക്ഷാസമ്പ്രദായത്തിൽ നിരവധിയായ അഴിമതികൾ നടമാടുന്നുണ്ട്. ചില സംസ്ഥാനങ്ങളിൽ പരീക്ഷ സുഗമമായും സുതാര്യമായും നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എങ്കിലും മൊത്തസ്ഥിതി പരിശോധിക്കുമ്പോൾ അനിവാര്യമായ മാറ്റം ആവശ്യമായി വരുന്നു. അതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കും

1. സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും എല്ലാവിധ സൗകര്യങ്ങളും മെച്ചപ്പെടുത്തും.
2. കേന്ദ്രീയ വിദ്യാലയം(kvs) ജവഹർനവോദയ വിദ്യാലയം വിപുലപ്പെടുത്തുകയും കസ്തൂർബാഗാന്ധി ബാലികാവിദ്യലയ (KGBNS)ത്തിന്റെ പദവി ഉയർത്തുകയും വിപുലപ്പെടുത്തുകയും ചെയ്യും; പ്രത്യേകിച്ചും വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന പ്രദേശങ്ങളിൽ. ജവഹർനവോദയ വിദ്യാലയത്തിന്റെ വിജയകാരണങ്ങൾ പഠിക്കുകയും അത് സംസ്ഥാനങ്ങളിലേക്ക് പകർത്തുകയും ചെയ്യും.
3. പലവിധ കാരണങ്ങളാൽ ഔപചാരിക സ്ക്കൂൾ വിദ്യഭ്യാസം തുടരുവാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം തുടരുന്നതിന് ഓപ്പൺ സ്ക്കൂൾ സംവിധാനം വിപുലപ്പെടുത്തും.

4. വിദ്യാർത്ഥികളുടെ അഭിരുചിയും താത്പര്യവും അനുസരിച്ച് അക്കാദമിക വിഷയങ്ങൾ തിരഞ്ഞെടുക്കാൻ സാധിക്കാതെ വരുമ്പോൾ ഉണ്ടാകുന്ന സമ്മർദ്ദവും വൈഷമ്യവും വിദ്ധ്യാർത്ഥികൾ നിരവധി തവണ നേരിടേണ്ടി വരുന്നു. ഇതിനു പരിഹാരമെന്നോണം കുട്ടികൾ തങ്ങളുടെ കഴിവും താത്പര്യവും തിരിച്ചറിയുന്നതിന് വേണ്ടി അക്കാദമികപരമായ അഭിരുചിപരീക്ഷ വിവിധ തലങ്ങളിലായി നടത്തും. ഇത്തരം പരിമിതികളെ മറികടക്കുന്നതിനായി വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രൊഫഷണൽ കൗൺസിലർമാരെ നിയമിക്കുകയും പ്രത്യേക പരിഗണന ആവശ്യമുള്ള വിദ്യാർത്ഥികളെ തിരിച്ചറിയുകയും ശരിയായ പഠനപദ്ധതികൾ തെരെഞ്ഞെടുക്കുവാനും ഉചിതമായ തൊഴിലവസരങ്ങളെ കുറിച്ച് ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് മാർഗ്ഗ നിർദ്ദേശം നല്കുവാനും ശ്രമിക്കും.

### 4.5 പാഠ്യ പദ്ധതി നവീകരണവും പരീക്ഷാപരിഷ്ക്കാരണവും

പുതുതായി രൂപം കൊള്ളുന്ന പഠനമേഖലകൾക്കനുസരിച്ച് വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും പാഠ്യപദ്ധതിയുടെ നവീകരണം ആവശ്യമാണ്. ആഗോളവത്ക്കരണത്തിന്റെ ശക്തമായ സ്വാധീനം, അറിവിനെ ആധാരമാക്കിയ സമൂഹത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ ആവശ്യകതകൾക്കനുസരിച്ചും പഠിതാക്കളുടെ വിവിധങ്ങളായ പഠനവിഷയങ്ങൾ സാധൂകരിക്കുന്നതിനും വിദ്യാഭ്യാസത്തെ ജീവിതവൈദഗ്ദ്ധ്യം നേടുന്നതിനുള്ള ഉപാധിയായും ലോകത്തിന്റെ മാറിവരുന്ന തൊഴിലവസരങ്ങൾക്കനുസരിച്ചും പാഠ്യപദ്ധതിയുടെ നവീകരണം അത്യാവശ്യമാകുന്നു.

വിദ്യാർത്ഥികളുടെ പഠനവിലവാരം അളക്കുന്നതിന് ആവശ്യമായ മൂല്യനിർണ്ണയം ആവശ്യമാണ്. പ്രത്യേകിച്ചും വാർഷിക പരീക്ഷകൾ, പത്താം ക്ലാസ്സിലെയും പന്ത്രണ്ടാം ക്ലാസ്സിലെയും പരീക്ഷകളിൽ.

ഇതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ സ്വീകരിക്കും.

1. അഞ്ചാം ക്ലാസ്സ് മുതൽ ഡിജിറ്റൽ വിദ്യാഭ്യാസ രീതി പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തും.
2. ഗണിത-ശാസ്ത്ര-ആംഗലേയ വിഷയങ്ങൾക്ക് പൊതുവായ പാഠ്യ പദ്ധതി ദേശീയ തലത്തിൽ രൂപീകരിക്കും. മറ്റു വിഷയങ്ങൾക്ക് അതായത് സാമൂഹ്യ ശാസ്ത്രത്തിനും മറ്റും അന്താരാഷ്ട്ര പാഠ്യ പദ്ധതിയും ബാക്കി വിഷയങ്ങൾക്ക് സംസ്ഥാനം നിർദ്ദേശിക്കുന്ന പാഠ്യപദ്ധതിയും ഉൾപ്പെടുത്തും.
3. സ്കൂൾ വിദ്യാഭ്യാസ മേൻമ വർദ്ധിപ്പിക്കുന്നതിനും സമയാ സമയങ്ങളിൽ പാഠ്യപദ്ധതിയുടെ നവീകരണവും അദ്ധ്യാപന ശാസ്ത്രത്തിന്റെ പരിഷ്കരണവും നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസേർച്ച് ആന്റ് ട്രെയിനിംഗ് [NCERT] നിർദ്ദേശപ്രകാരം നടപ്പിൽ വരുത്തും.
4. രാജ്യത്തിന്റെ ഐക്യം, സാമൂഹികമായ പരസ്പരാശ്രയത്വം, മതസൗഹാർദ്ദം തുടങ്ങിയ കാര്യങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തും. ഇവ കൂടാതെ എല്ലാ വിദ്യാർത്ഥികളെയും മൗലിക അവകാശങ്ങളും കടമകളും പഠിപ്പിക്കുകയും അതിലൂടെ ഉത്തരവാദിത്വമുള്ള പൗരന്മാരാക്കി മാറ്റുന്നതിനും പാഠ്യപദ്ധതി നവീകരണം സഹായകമാകും.
5. ശാസ്ത്ര വിഷയങ്ങളിലെ ആശയങ്ങൾ വിദ്യാർത്ഥികൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്നത് ലാബാ പരീക്ഷണങ്ങളിലൂടെയും

പ്രദർശനങ്ങളിലൂടെയും ആണ്. ആയതിനാൽ ആറാംക്ലാസ്സ് മുതൽ പതിയെപ്പതിയെ പരിചയപ്പെടുത്തും.

6. സാമൂഹികമായ വിവേചനം ഒഴിവാക്കുന്നതിനായി പാഠ്യപദ്ധതിയിൽ സാമൂഹിക നീതിയും അതുറപ്പുവരുത്തുന്നതിനുള്ള നിയമാവലികളും ഉൾപ്പെടുത്തണം. പാഠ്യപുസ്തകങ്ങൾ തയ്യാറാക്കുന്ന ഏജൻസികളിലും പാഠ്യപദ്ധതികളിലും ലിംഗ ജാതിമത വിവേചനങ്ങൾ അതുമായുള്ള പ്രശ്നങ്ങളോ സംഭവങ്ങളോ ഉദാഹരണങ്ങളോ ഉൾപ്പെടുത്തുന്നില്ല എന്ന് ഉറപ്പുവരുത്തണം- എല്ലാ വിഷയതലങ്ങളിലൂടെയും ഉത്തമപൗരന്മാരാകുന്നതെങ്ങനെ എന്നുള്ള വിദ്യാഭ്യാസം, സ്വഭാവ രൂപീകരണം, നിയമപരവും ഭരണഘടനാ പരവുമായ സാക്ഷരത, സാമ്പത്തിക സാക്ഷരത പരിസ്ഥിതിയോടുള്ള ആദരവ് തുടങ്ങിയവയും ഉൾപ്പെടുത്തണം.

7. പാഠ്യവിഷയങ്ങളിൽ കുട്ടികൾക്ക് എത്രമാത്രം അവഗാഹം ഉണ്ട് എന്ന് തെളിയിക്കുന്ന തരത്തിലുള്ള പരീക്ഷകൾക്ക് രൂപം നൽകണം. അതല്ലാതെ പാഠപുസ്തകത്തിലെ അറിവുകൾ അതുപോലെ തന്നെ പുനരവതരിപ്പിക്കുന്നതായിരിക്കരുത് ഈ പരീക്ഷകൾ.

നിലനിൽക്കുന്ന പ്രദേശങ്ങളിൽ പ്രത്യേക പരിഗണനയും ആവശ്യമുള്ള കുട്ടികളിലും സാമൂഹുകമായി പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിലും നാം പ്രതീക്ഷിക്കുന്ന മാറ്റം ഉണ്ടാകുന്നില്ല. കഴിഞ്ഞ കുറച്ചു ദശകങ്ങളായി ഗ്രാമീണ മേഖലയിലെ വിദ്യാഭ്യാസം മെച്ചപ്പെട്ടുവെങ്കിലും, സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്ക് പഠനാവസരങ്ങൾ ഒരുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസത്തിലും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. കുറഞ്ഞ സാക്ഷരതാ നിരക്ക് ഉയർന്ന ശിശു മരണ

നിരക്ക് സ്കൂൾ വിദ്യാഭ്യാസം നേടുന്ന കുട്ടികളുടെ ശതമാനത്തിലുള്ള കുറവ് തുടങ്ങിയ നിരവധി ഗൗരവമേറിയ പ്രശ്നങ്ങൾ ആദിവാസി മേഖലയിലെ കുട്ടികൾക്കുണ്ട്. ഇതിനെ മറികടക്കുന്നതിനാവശ്യമായ ശ്രമങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സ്വീകരിച്ചുവെങ്കിലും പ്രത്യേകിച്ച് സ്കോളർഷിപ്പുകൾ പോലുള്ള പദ്ധതികൾ ഉൾപ്പെടുത്തിയെങ്കിലും ആദിവാസി മേഖലയിലെ വിദ്യാഭ്യാസം വിദൂരമായി നിൽക്കുന്നു. ആദിവാസി മേഖലകളിൽ ജോലിചെയ്യുന്നതിനുള്ള അദ്ധ്യാപകരുടെ കുറവ് ഈ പ്രശ്നത്തിന് പ്രധാന കാരണമാണ്. കൂടാതെ ഭാഷയും ആശയവിനിമയവും ആദിമേഖലയിൽ ജോലിചെയ്യുന്ന ആദിവാസി സമൂഹത്തിൽ ഉൾപ്പെടുന്ന അദ്ധ്യാപകർക്കു വലിയൊരു പ്രശ്നം തന്നെയാണ്. അവരുടെ വിദ്യാഭ്യാസം തുടരുന്നതിനായി സാമ്പത്തിക സഹായങ്ങളായ വായ്പ, സ്കോളർഷിപ്പ് മുതലായവ നൽകുന്നതിൽ ഉറപ്പുവരുത്തണം.

അതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കണം.

8. പത്താം ക്ലാസ്സ് പരീക്ഷകളിൽ കൂടുതൽ തോൽവി നേരിടുന്നതും മോശം പ്രകടനം കാഴ്ചവയ്ക്കുന്നതും മൂന്ന് വിഷയങ്ങളിലാണ്: ഗണിതശാസ്ത്രം, ശാസ്ത്രം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളാണവ. തോൽവി ശതമാനം കുറയ്ക്കുന്നതിനായി പത്താം ക്ലാസ് പരീക്ഷകളിൽ ശാസ്ത്രം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളെ രണ്ടു തലങ്ങളിലാക്കുക; പാർട്ട്-എ ഉയർന്ന തലവും പാർട്ട് ബി താഴ്ന്ന തലവും. പത്താം ക്ലാസിനു ശേഷം മറ്റു കോഴ്സുകളിൽ അതായത് ശാസ്ത്രം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ ചേരുവാൻ ആഗ്രഹിക്കുന്നവർക്ക് പാർട്ട്-ബി പരീക്ഷയ്ക്കായി തിരഞ്ഞെടുക്കാം.

9. നിലവിൽ പത്താംക്ലാസ്സും പന്ത്രണ്ടാം ക്ലാസ്സും പരീക്ഷകൾ നടത്തുന്നത് കേന്ദ്രസംസ്ഥാന വിദ്യാഭ്യാസ നിർവ്വാഹക സംഘമാണ്.

10. ഓരോ വിദ്യാഭ്യാസ നിർവ്വാഹക സംഘവും വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകളുടെ മൂല്യത്തിൽ വളരെ വ്യത്യാസം ഉണ്ട്. ഇത് പഠന നിലവാരത്തിലുള്ള വ്യത്യാസമനുസരിച്ചാണ് സാധ്യമാകുന്നത്. ഇത് കൂടാതെ വിജയശതമാനം കൂട്ടുന്നതിനായ് പല പരീക്ഷ നിർവ്വാഹക സംഘങ്ങളും ഗ്രേസ്മാർക്ക് നൽകുകയും ചെയ്യുന്നു. ഈ നടപടി തുടരാതിരിക്കുന്നതോടൊപ്പം വിദ്യാർത്ഥികളുടെ പഠനനിലവാരം പരീക്ഷാ നിർവ്വാഹക സംഘത്തിന് ഉയർത്തുകയും വേണം. വിദ്യാർത്ഥികൾ എല്ലാ നേട്ടങ്ങളും കൈവരിക്കുന്നതിന് അക്കാദമിക വിദഗ്ദരായവരുടെ ഒരു സംഘം രൂപീകരിച്ച് അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും വേണം.

**4.6: ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ആന്റ് സ്റ്റുഡന്റ്സ് സപ്പോർട്ട്**

വിദ്യാഭ്യാസ സമ്പ്രദായം സ്ഥാപിക്കപ്പെട്ടിട്ടുള്ളത് തുല്യതയുടെയും മേൻമയുടെയും കാര്യത്തിലാണ്. നിലവിലെ വിദ്യാഭ്യാസ സമ്പ്രദായം പ്രത്യേകിച്ചും ഗ്രാമീണ മേഖലയിൽ ഭിന്നമായ പരിസ്ഥിതി

1. ഉന്നത വിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ധനസഹായം ഉണ്ടായിരിക്കും. അക്കാദമികപരമായ പ്രകടനവും അക്കാദമിക നേട്ടവും കൈവരിക്കുവാനും സൗകര്യങ്ങളുടെ അഭാവം പരിഹരിക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിക്കും.
2. സാമൂഹിക സാംസ്കാരിക പ്രദേശിക ലിംഗഭേദമന്യേ നിലനിൽക്കുന്ന പ്രശ്നങ്ങൾ ശരിയായ രീതിയിൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തും. സാമൂഹ്യവിവേചനങ്ങൾ ഇല്ലായ്മ ചെയ്യുവാൻ സ്വീകരിക്കുന്ന നടപടികളും സാമൂഹിക

നീതിയും ഐക്യദാർഢ്യവും നിലനിർത്തുന്നതിനാവശ്യമായ നിയമാവലികളും ഉൾപ്പെടുത്തും.

3. തൊഴിൽപരമായ പരിശീലന പ്രവർത്തനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ വിദ്യാർത്ഥികളിൽ തൊഴിൽ വൈദഗ്ദ്യം നേടുവാനും തൊഴിലിന്റെ മഹത്വം മനസ്സിലാക്കുന്നതിനും ഉതകുന്നു.
4. തുല്യാവസ്ഥ നിലനിൽക്കുന്നതിന് ലക്ഷ്യമാക്കി പത്തുലക്ഷം കുട്ടികളുടെ വിദ്യാഭ്യാസ ചിലവുകൾ വഹിക്കുന്നതിനായി നാഷണൽ ഫെല്ലോഷിപ്പ് ഫണ്ട് രൂപീകരിക്കും. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിലെ കുട്ടികൾക്ക് ഈ ഫണ്ടിൽ നിന്നുള്ള തുക സ്കോളർഷിപ്പായി ഏർപ്പെടുത്തണം.
5. ഭിന്നശേഷിക്കാരായ പ്രത്യേക പരിഗണന ആവശ്യമായവർക്കും പഠനവൈകല്യങ്ങൾ ഉള്ള കുട്ടികൾക്കും വിദ്യാഭ്യാസം നേടുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക.

**4.7 സാക്ഷരതയും ദീർഘകാല പഠനവും**

അഡൾട്ട് ലിറ്ററസി കൈവരിക്കുന്നതിനായി 1978 ഒക്ടോബർ 2-ന് രൂപം നൽകിയ പദ്ധതിയാണ് നാഷണൽ അഡൾട്ട് എജ്യൂക്കേഷൻ പ്രോഗ്രാം. റൂറൽ ഫങ്ഷണൽ ലിറ്ററസി പ്രോഗ്രാം[RELP], ദേശീയ സാക്ഷരതാ മിഷൻ [NLM], സാക്ഷാൽ ഭാരത് അഭിയാൻ തുടങ്ങിയവ ആരംഭിച്ചിട്ട് നിരവധി പദ്ധതികൾ കഴിഞ്ഞ 40 വർഷങ്ങളായി. പക്ഷേ ഈ ശ്രമങ്ങൾ എല്ലാം നിലനിൽക്കുമ്പോഴും ഇന്നും ഇരുന്നൂറ്റി എൺപത് ദശലക്ഷം നിരക്ഷരർ ഇന്ത്യയിൽ നിലനിൽക്കുന്നു.

## 4.8 വിദ്യാഭ്യാസത്തിനും തൊഴിൽലഭ്യതയ്ക്കുമുള്ള നൈപുണ്യം

വികസ്വരരാജ്യങ്ങളിൽ യുവജനസംഖ്യ ചുരുങ്ങുമ്പോൾ ഇന്ത്യയിൽ 25 വയസ്സിനു താഴെയുള്ളവരാണ് കൂടുതലും. അതായത് മൊത്തം ജനസംഖ്യയുടെ 54 ശതമാനവും യുവജനങ്ങളാണ്. 2022 ആകുമ്പോഴേക്കും ഏകദേശം 104.62 ദശലക്ഷം പേർ പുതിയതായി തൊഴിൽമേഖലകളിലേക്ക് പ്രവേശിക്കാനിരിക്കുന്നവരാണ്. എങ്കിലും ഇതിനു ഉതകുന്ന തരത്തിലുള്ള സാങ്കേതികമോ തൊഴിൽപരമോ ആയ വിദ്യാഭ്യാസപദ്ധതികൾ അപര്യാപ്തമാണ്.

ഈയടുത്തകാലത്താണ് അക്കാദമിക വിഷയങ്ങളോടൊപ്പം തൊഴിൽപരമായ വൈദഗ്ദ്ധ്യം നേടുവാനായി കുട്ടികളെ പരിശീലിപ്പിക്കുവാൻ ആരംഭിച്ചത്. വ്യക്തിഗത വളർച്ചയ്ക്കും സാമ്പത്തിക വികസനത്തിനും തൊഴിലവസരങ്ങളുടെ വർധനവ് അത്യാവശ്യമാണ്. അതിനായി വിദ്യാഭ്യാസത്തോടൊപ്പം വൈദഗ്ദ്ധ്യത്തെയും കൂട്ടിയോജിപ്പിക്കണം. മേന്മയുള്ള തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തണം.

1. സ്കൂളുകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സമ്പ്രദായങ്ങളിലും തൊഴിൽ പരിശീലനപദ്ധതികൾ ഉൾപ്പെടുത്തും. ഇത് നമ്മുടെ വിദ്യാർത്ഥികൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം നേടുവാൻ മാത്രമല്ല അവരിലെ വ്യവസായസംരഭക കഴിവുകളെ വളർത്തുവാനും സഹായിക്കും.
2. 2015-ലെ ദേശീയ തൊഴിൽ വികസനവും വ്യവസായസംഭരക പദ്ധതിയുമനുസരിച്ച് സ്കൂളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 25 ശതമാനം തൊഴിൽപരിശീലന പദ്ധതികൾ ആരംഭിക്കും.

3. സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികളെ ഉദ്ദേശിച്ച് തൊഴിലവസരങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക തൊഴിൽ പരിശീലന സ്കൂളുകൾ ആരംഭിക്കും.
4. ഉന്നതവിദ്യാഭ്യാസമേഖലകളിലും സാങ്കേതികവിദ്യാഭ്യാസ മേഖലകളിലും നിലവിലിരിക്കുന്ന തൊഴിൽപരിശീലന പദ്ധതികളെ NSQF-ലൂടെ ഉദ്ധരിക്കുകയും വിദ്യാഭ്യാസ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യും.
5. റംഗഗിനിഷൻ ഓഫ് പ്രയിറർ ലേർണിങ് (RPL) ന്റെ മൂല്യനിർണയം ഇതുവരെ വികസിച്ചിട്ടില്ല. ഈ വിടവിനെ മറികടക്കുന്നതിനായി ഗവൺമെന്റ് ഒരു വർഷത്തിനുള്ളിൽ തൊഴിൽ വൈദഗ്ദ്ധ്യം പരിശോധിക്കുന്നതിനും മൂല്യനിർണ്ണയത്തിനും അംഗീകാരം നൽകുവാനുള്ള നടപടികൾ സ്വീകരിക്കും. ഇത് ഔപചാരിക വിദ്യാഭ്യാസം നേടുവാൻ കഴിയാത്തവർക്കും എന്നാൽ തൊഴിൽ വൈദഗ്ദ്ധ്യം ഉള്ളവർക്കും ഉപകരിക്കും.
6. സ്കൂൾ/കോളേജ് അധികാരികളും സെക്ടർ സ്കിൽ കൗൺസിലും സംയുക്തമായി നൽകുന്ന യോഗ്യതാപത്രം വിദ്യാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുവാനോ പുതിയ തൊഴിൽ സംരഭം ആരംഭിക്കുവാനോ സഹായിക്കും.

**4.9 വിദ്യാഭ്യാസത്തിൽ ICTയുടെ ഉപയോഗം**

വിവര സാങ്കേതികവിദ്യയുടെ ആരംഭത്താൽ കഴിഞ്ഞ വിദ്യാഭ്യാസപദ്ധതി (1986/92) മുതൽക്ക് വിദ്യാഭ്യാസമേഖലയിൽ പുതിയമാനം കൈവന്നു. വിവരസാങ്കേതികവിദ്യയുടെ ഉപയോഗം പലതരത്തിൽ പുതിയ വാതിലുകൾ തുറന്നു. ഇത്

വിദ്യാഭ്യാസമേഖലയെ ശരിയായദിശയിൽ നയിക്കുന്നതിനു മാത്രമല്ല അദ്ധ്യാപനത്തിന്റെയും പഠനത്തിന്റെയും മേന്മ വർധിപ്പിക്കുന്നതിനും, വിദ്യാഭ്യാസ അവസരങ്ങൾ വിപുലപ്പെടുത്താനും വിദ്യാഭ്യാസ പദ്ധതികളെ മെച്ചപ്പെടുത്തുവാനും സഹായിക്കുന്നു. അദ്ധ്യാപക പരിശീലനത്തിനും തൊഴിൽ വൈദഗ്ദ്ധ്യം വിദ്യാഭ്യാസത്തിലൂടെ നേടുവാനും സാക്ഷരതാ പദ്ധതികൾ തുടങ്ങി നിരവധി കാര്യങ്ങൾക്കും വിവരസാങ്കേതികവിദ്യയെ ഉപയോഗപ്പെടുത്താം. നിരവധി സംസ്ഥാനങ്ങളിൽ സ്കൂളുകളുടെയും വിദ്യാർത്ഥികളുടെയും പ്രകടനം വിലയിരുത്തുന്നതിനായി വിവരസാങ്കേതികവിദ്യയെ ഉപയോഗിക്കുന്നു. മികച്ച രീതിയിലുള്ള ഏകോപനത്തിലൂടെ വിവരസാങ്കേതികവിദ്യയുടെ ഉപയോഗത്താൽ ഇന്ത്യയിലെ വിദ്യാഭ്യാസമേഖലയെ മെച്ചപ്പെടുത്താനാകും.

1. വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും പഠനത്തിന്റെ എല്ലാ തലങ്ങളിലും വിവരസാങ്കേതികവിദ്യയെ വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമായി മാറ്റുവാൻ ശ്രമിക്കും.
2. അദ്ധ്യാപക പരിശീലന പാഠ്യപദ്ധതിയിൽ അദ്ധ്യാപന-പഠനപ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം എപ്രകാരമാണെന്ന് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തും.
3. വിദ്യാർത്ഥിയുടെ സ്കൂൾ അഡ്മിഷൻ മുതൽക്ക് സ്കൂൾ വിടുതൽ വരെയുള്ള കാര്യങ്ങൾ ഓൺലൈനായി രേഖപ്പെടുത്തും.
4. എല്ലാ തലങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രകടനം വിലയിരുത്തുവാൻ വിവരസാങ്കേതികവിദ്യയെ ഉപയോഗപ്പെടുത്താം.

5. വിവരസാങ്കേതികവിദ്യയുടെ മറ്റൊരു ആപ്ലിക്കേഷനായ 'MOOC' സെക്കൻഡറി തലത്തിലും ഉന്നത വിദ്യാഭ്യാസതലത്തിലും വിദ്യാഭ്യാസമേന്മ മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിക്കും.

**4.10 അദ്ധ്യാപക വികസനവും നിർവ്വഹണവും**

വിദ്യാഭ്യാസമേന്മ മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപകരുടെ കാര്യക്ഷമത വളരെ പ്രധാനപ്പെട്ടതാണ്. സ്കൂൾ വിദ്യാഭ്യാസതലങ്ങളിൽ അദ്ധ്യാപകരുടെ കുറവ് പരിഹരിക്കുന്നതിന് നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ശാസ്ത്ര ഗണിത ഭാഷാവിഷയങ്ങളിൽ സെക്കൻഡറി തലത്തിൽ അദ്ധ്യാപകരുടെ കുറവ്, അദ്ധ്യാപക പരിശീലന സ്ഥാപനങ്ങളുടെ മേന്മ മെച്ചപ്പെടുത്തൽ, അദ്ധ്യാപന മഹത്വത്തെ വർദ്ധിപ്പിക്കുക തുടങ്ങി നിരവധി കാര്യങ്ങൾ ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികളാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പല ശ്രമങ്ങൾക്കിടയിലും പ്രാഥമികതലത്തിലും സെക്കൻഡറി തലത്തിലും ഒഴിവുകളുടെ എണ്ണത്തിലുള്ള വർധനവ്, അദ്ധ്യാപകരുടെ പരിശീലന പദ്ധതിയിലെ പ്രശ്നങ്ങൾ, അദ്ധ്യാപകപരിശീലന സ്ഥാപനങ്ങളിലെ പ്രശ്നങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾക്ക് പരിഹാരം കാണുവാൻ കഴിഞ്ഞിട്ടില്ല. നിരവധി സർക്കാർ സ്കൂളുകളിൽ മുഴുവൻ സമയം ഒരു സ്കൂളിനുവേണ്ടി വിനിയോഗിക്കാൻ കഴിയുന്ന പ്രധാന അദ്ധ്യാപകരുടെയോ/ തലവന്റെയോ അഭാവം.

ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണുവാൻ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കും.

1. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രധാന അദ്ധ്യാപകരുടെയും/തലവന്മാരുടെയും അദ്ധ്യാപകരുടെയും എല്ലാ ഒഴിവുകളും നികത്തും. പ്രധാന അദ്ധ്യാപകർക്ക്/തലവന്മാർക്ക് നേതൃത്വപരിശീലനം നിർബന്ധിതമാക്കും.
2. സംസ്ഥാനസർക്കാരിലൂടെ സ്വതന്ത്ര അദ്ധ്യാപക റിക്രൂട്ട്മെന്റ് കമ്മീഷൻ സ്ഥാപിക്കുകയും അതിലൂടെ മെറിറ്റ് അടിസ്ഥാനത്തിൽ പ്രധാന അദ്ധ്യാപകരെയും അദ്ധ്യാപകരെയും തിരഞ്ഞെടുക്കും.
3. നിശ്ചിത സമയത്തിനുള്ളിൽ പരിശീലനം നേടിയിട്ടില്ലാത്ത അദ്ധ്യാപകർക്ക് പരിശീലനം നൽകും. വിഷയമനുസരിച്ച് സംസ്ഥാനതലത്തിൽ അദ്ധ്യാപകർക്ക് റിക്രൂട്ട്മെന്റ് ഏർപ്പെടുത്തും.
4. അദ്ധ്യാപക പരിശീലന പദ്ധതി വിപുലപ്പെടുത്തുവാൻ ദേശീയതലത്തിൽ അദ്ധ്യാപക വിദ്യാഭ്യാസ സർവകലാശാല സ്ഥാപിക്കും. NCERT യുടെ കീഴിലുള്ള എല്ലാ പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വികസിപ്പിക്കുകയും പ്രാദേശിക തലത്തിൽ അദ്ധ്യാപക വിദ്യാഭ്യാസ സർവകലാശാലയായി പരിവർത്തനപ്പെടുത്തണം.
5. അദ്ധ്യാപക പരിശീലന പദ്ധതികൾ അദ്ധ്യാപന പഠനപ്രക്രിയയിൽ എളുപ്പമാക്കുന്നതിന് അദ്ധ്യാപകരെ സഹായിക്കും.
6. മികച്ച അദ്ധ്യാപകർക്ക് ദേശീയതലത്തിൽ അവാർഡ് നൽകുന്നതോടൊപ്പം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മികച്ച അദ്ധ്യാപകർക്കുള്ള അവാർഡുകൾ ഏർപ്പെടുത്തും.

**4.11 ഭാഷയും സംസ്കാരവും വിദ്യാഭ്യാസത്തിൽ**

വിദ്യാഭ്യാസത്തിൽ ഭാഷകളുടെ പ്രാധാന്യം എത്രത്തോളമാണെന്ന് ബഹുഭാഷാസമൂഹം തിരിച്ചറിയുന്നു. കേന്ദ്രസർക്കാർ സംസ്ഥാനസർക്കാരുമായി കൂടിയാലോചിച്ചശേഷം TLF (ത്രീ ലാംഗേജ് ഫോർമുല) രൂപീകരിക്കുകയും 1968 ലെ നാഷണൽ എജ്യുക്കേഷൻ പോളിസിയുടെ പ്രാമണികമായി പ്രസ്താവിക്കുകയും ചെയ്തു. 1986/92 പദ്ധതിയുടെ ഭാഗമായി ഇത് തുടർന്നുവെങ്കിലും നിരവധി സംസ്ഥാനങ്ങളിൽ ഇതു നടപ്പിൽ വരുത്തുന്നതിന് വ്യതിയാനം സംഭവിച്ചു. സമയമാറ്റത്തോടൊപ്പം സംസ്ഥാനങ്ങൾ വിദ്യാർത്ഥികളെ അന്യസംസ്ഥാനഭാഷകൾ പഠിക്കുന്നതിനെ പ്രോത്സാഹിപ്പിച്ചു.

മാതൃഭാഷയിലൂടെ പഠിപ്പിക്കുന്ന കാര്യങ്ങൾ വിദ്യാർത്ഥികൾ എളുപ്പത്തിൽ സ്വായത്തമാക്കും. മറുവശത്ത് ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ ആവശ്യകതയും ഇംഗ്ലീഷ് ഭാഷ പഠനമാധ്യമമായി വളർന്നുവരികയും ചെയ്തുകൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം ഭാരതത്തിന്റെ സമ്പന്നമായ പാരമ്പര്യം, മഹത്തായ പ്രതാപകാലം, വൈവിധ്യമാർന്ന സംസ്കാരം തുടങ്ങിയവയെക്കുറിച്ച് ബോധവന്മാരാക്കുക എന്നതാണ്. ഇവ കൂടാതെ പഠിതാക്കളെ എല്ലാ മൂല്യങ്ങൾ നേടുവാനും അതുവഴി ഉത്തരവാദിത്വമുള്ള പൗരന്മാരാക്കുവാനും സമാധാനം, സഹനശക്തി, ദേശീയോദ്ഗ്രഥനം, എല്ലാ മതങ്ങളോടും തുല്യ ആദരവ്, മതനിരപേക്ഷത തുടങ്ങിയവ വിദ്യാർത്ഥികളിൽ ഉളവാക്കാനുമാണ്.

ഇതിനായി താഴെ ചേർത്തിരിക്കുന്ന നടപടികൾ കൈകൊള്ളും.

1. സംസ്ഥാനതലത്തിലും കേന്ദ്രഭരണ പ്രദേശങ്ങളിലും 5-ാം ക്ലാസ്സ് വരെ മാതൃഭാഷ പഠനമാധ്യമമാക്കും.

2. ആഗോള അറിവുകൾ നേടുന്നതിന് ഇംഗ്ലീഷ് ഭാഷയിലുള്ള പരിജ്ഞാനം അത്യാവശ്യമാണ്. അതിനാൽ ഇംഗ്ലീഷ് ഭാഷയിൽ എഴുതുവാനും വായിക്കുവാനും കുട്ടികൾ നിപുണത കൈവരിക്കേണ്ടത് അത്യാവശ്യമാണ്.
3. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രത്യേകിച്ചും സാങ്കേതിക പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലാം ഭാരതത്തിന്റെ മഹത്തായ പാരമ്പര്യം, ഭാഷാപരവും സംസ്കാരികപരവുമായ വൈവിധ്യം തുടങ്ങിയ കാര്യങ്ങൾ പഠിക്കുവാൻ എല്ലാ വിദ്യാർത്ഥികൾക്കും അവസരങ്ങൾ നൽകണം.
4. സംസ്കൃതഭാഷയ്ക്കും പ്രാധാന്യം നൽകണം; എന്തെന്നാൽ സംസ്കൃതം ഇന്ത്യയിലെ മറ്റു ഭാഷകളുടെ വികാസത്തിനു വഴിതെളിയിക്കുകയും രാജ്യത്തിലെ സംസ്കാരിക ഐക്യത നിലനിർത്തുന്നതിന് വഹിച്ച പങ്കുവഹിക്കുകയും ചെയ്തതിനാൽ സ്കൂൾ സർവ്വകലാശാല തലങ്ങളിൽ സംസ്കൃതം പഠിപ്പിക്കുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തണം.
5. വിദ്യാഭ്യാസ സ്ഥാപനത്തിലൂടെ വിദ്യാർത്ഥികൾ അച്ചടക്കം, കൃത്യനിഷ്ഠ, മുതിർന്നവരെ ബഹുമാനിക്കൽ, വൃത്തി, നല്ല സ്വഭാവം, സ്ത്രീകളെ ആദരിക്കൽ, മനുഷ്യത്വം തുടങ്ങിയ നിരവധി മൂല്യങ്ങൾ പഠിക്കണം.

### 4.12 സമഗ്രവിദ്യാഭ്യാസത്തിലൂടെയുള്ള വ്യക്തിത്വവികസനം

വിദ്യാഭ്യാസത്തിലൂടെ കുട്ടി എല്ലാ തലങ്ങളിലും വികസനം കൈവരിക്കണം (ശാരീരികവും ബുദ്ധിപരവും, വൈകാരികവും, സാമൂഹികവും). അക്കാദമിക നേട്ടത്തിനപ്പുറം ഈ തലങ്ങളിലും കുട്ടി

നേട്ടം കൈവരിക്കണം. ആരോഗ്യമുള്ള കുട്ടിക്ക് പഠനം ഫലപ്രദമാക്കുവാനും നല്ല ആരോഗ്യം മികച്ച പഠനത്തിലേക്ക് നയിക്കും. ഒരുപാട് കുട്ടികൾ പോഷകാഹാരക്കുറവും വിളർച്ചയും മൂലം പഠനബുദ്ധിമുട്ടുകൾ നേരിടുന്നു.

ഇവ മറികടക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ കൈകൊള്ളും.

1. കായിക വിദ്യാഭ്യാസം, യോഗ, എൻ.സി.സി., എൻ.എസ്.എസ്, കലാ, സാഹിത്യം, കരകൗശലം, കളി തുടങ്ങിയവയെല്ലാം കുട്ടികളുടെ വികാസത്തിനായി സ്കൂൾ പാഠ്യാപദ്ധതിയിൽ ഉൾപ്പെടുത്തും.
2. സർക്കാർ സ്വകാര്യ സ്കൂളുകളിൽ ഇത്തരം പ്രവർത്തനങ്ങൾക്കായി പ്രത്യേക ഫണ്ട് മാറ്റിവെയ്ക്കും.
3. നിലവിലിരിക്കുന്ന ഉച്ചഭക്ഷണ പദ്ധതിയിലൂടെ പോഷകാഹാരം സാമൂഹിക തുല്യത ഉറപ്പുവരുത്തുവാനായി ഈ പദ്ധതി സെക്കൻഡറി സ്കൂൾ തലത്തിലേക്കും വ്യാപിപ്പിക്കും. ഉച്ചഭക്ഷണം പാകം ചെയ്യുന്നതിന് മേൽനോട്ടത്തിനും വിളമ്പുവാനും അദ്ധ്യാപകരെ ചുമതലപ്പെടുത്തുന്നതിനു പകരം സേവനസംഘടനകളെ ചുമതലപ്പെടുത്തും.

**4.13 സ്കൂളിന്റെ നിയന്ത്രണവും വിലയിരുത്തലും**

സ്കൂളിന്റെ എല്ലാ തലങ്ങളിലും മെച്ചപ്പെടുത്തുന്നതിന് സാമൂഹികപങ്കാളിത്തവും മാതാപിതാക്കളുടെ പങ്കാളിത്തവും പ്രധാന പങ്ക് വഹിക്കും. ഗ്രാമീണസ്കൂളുകൾ നല്ല രീതിയിൽ പ്രവർത്തിക്കണമെങ്കിൽ പ്രാദേശികസമൂഹം സജീവമായി പങ്കെടുക്കേണ്ടതുണ്ട് എന്നതിന് തെളിവുകൾ ലഭിച്ചിട്ടുണ്ട്.

സ്കൂളിന്റെ മേന്മ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും എല്ലാ തലങ്ങളിലും മൂല്യനിർണ്ണയം നടത്തേണ്ടത് അത്യാവശ്യമാണ്.

ഇതിനുവേണ്ടി താഴെ നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കണം.

1. സ്കൂൾ നിലവാരം അളക്കുന്നതിനായി ചില രൂപരേഖ തയ്യാറാക്കുന്നു. സ്കൂൾ മേന്മ, അദ്ധ്യാപകരുടെ കാര്യക്ഷമത, സ്കൂൾ നേതൃത്വം തുടങ്ങിയവയുടെ മൂല്യനിർണയം നടത്തുന്നതിന് വിവിധ മാനദണ്ഡങ്ങൾ രാജ്യത്തിലുടനീളം നടപ്പിലാക്കും. അതിനുശേഷം സ്കൂളുകളുടെ ഈ രൂപഘടനയുടെ മാതൃകയിൽ റാങ്കടിസ്ഥാനത്തിലും ഗ്രേഡിംഗും അനുസരിച്ച് വിലയിരുത്തും.
2. ചില സ്കൂളുകൾ മികച്ചപ്രകടനം കാഴ്ചവയ്ക്കുന്നത് നേതൃത്വഗുണമുള്ള പ്രധാന അദ്ധ്യാപകരാലാണെന്നതിന് തെളിവുകൾ ലഭിച്ചിട്ടുണ്ട്. പ്രധാന അദ്ധ്യാപകരുടെ ഒഴിവുകളിലേക്കു നിശ്ചിത സമയത്തിനുള്ളിൽ കുറഞ്ഞത് 5 വർഷം അദ്ധ്യാപനരംഗത്ത് പ്രവൃത്തിപരിചയമുള്ള അദ്ധ്യാപകരെ മെറിറ്റ് അടിസ്ഥാനത്തിൽ നിയമിക്കും.

**4.14 ഉന്നതവിദ്യാഭ്യാസത്തിലെ ഭരണനിർവ്വഹണ പരിഷ്കരണം**

അടുത്ത കാലങ്ങളിലായി ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസം വിദ്യാഭ്യാസമേഖലയുടെ പല വൈവിധ്യങ്ങളെയും തിരിച്ചറിയുകയുണ്ടായി. എന്നാൽ വിദ്യാഭ്യാസമേന്മ നിലനിർത്തുന്നതിനും വ്യക്തതയില്ലാത്ത രൂപരേഖയും ഈ പദ്ധതിക്ക് വെല്ലുവിളിയാകുന്നു. ഇതിനെ മറികടക്കുന്നതിനായി താഴെപറയുന്ന നടപടികൾ നടപ്പിൽ വരുത്തും.

1. അക്കാദമിക് വിദഗ്ദ്ധരടങ്ങുന്ന ഒരു വിദ്യാഭ്യാസകമ്മീഷൻ രൂപപ്പെടുത്തുകയും മാനവ വിഭവ വികസന മന്ത്രാലയം (HRD) ഓരോ 5 വർഷം കൂടുമ്പോഴും അദ്ധ്യാപന ശാസ്ത്രത്തിലും പാഠ്യപദ്ധതിയിലും ആഗോള മാറ്റങ്ങൾക്കനുസൃതമായും ദേശീയ താത്പര്യങ്ങൾക്കനുസരിച്ചും മാറ്റങ്ങൾ വരുത്തും.
2. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബഹുമുഖപ്രതിഭകളായ താത്പര്യമുള്ളവരെയും പൂർവ്വവിദ്യാർത്ഥികളെയും ഭരണകാര്യങ്ങളിൽ ഉൾപ്പെടുത്തും.
3. നിലവിലുള്ള അഫിലിയേറ്റിംഗ് സംവിധാനം തുടരുകയും അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളജുകളുടെ എണ്ണം 100 ആയി വർദ്ധിപ്പിക്കുകയും ചെയ്യും. 100-ൽ കൂടുതൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളജുകൾ ഉള്ള സർവ്വകലാശാലകളെ പുനഃക്രമീകരിക്കും.
4. വിദ്യാർത്ഥി യൂണിയനുകളുടെ പങ്കാളിത്തം ജനാധിപത്യ സംവിധാനത്തെ ശക്തിപ്പെടുത്തുവാൻ ഉതകുമെന്നു ഗവൺമെന്റ് തിരിച്ചറിഞ്ഞു. എങ്കിലും കാംപസുകളിൽ നടക്കുന്ന ഉപദ്രവകരമായ പ്രവർത്തനങ്ങൾക്കു കാരണം കാംപസിനു പുറത്തുനിന്നുള്ളവരുടെ ഇടപെടലുകൾ ആണ്. ഇത്തരം ഇടപെടലുകൾ തടയുവാനും വിദ്യാർത്ഥി രാഷ്ട്രീയം സുഗമമായി പ്രവർത്തിപ്പിക്കുവാനും അക്കാദമിക പ്രവർത്തനങ്ങളിൽ തടസ്സം സൃഷ്ടിക്കാതിരിക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ ദുരുപയോഗം ചെയ്യാതിരിക്കുവാനുമുള്ള പഠനം സംഘടിപ്പിക്കും. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മികവ് വർധിപ്പിക്കുവാനും നിലനിർത്തുവാനുമുള്ള പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് നീക്കിവെക്കും.

**4.15 ഉന്നത വിദ്യാഭ്യാസത്തിലെ ചട്ടങ്ങൾ**

വിവിധ സമയങ്ങളിലായി സ്ഥാപിതമായ പ്രധാനപ്പെട്ട ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വ്യക്തി താത്പര്യങ്ങൾക്കനുസൃതമായാണ് രൂപപ്പെടുത്തിയത്. മാറുന്ന കാലമനുസരിച്ചും ഉന്നതവിദ്യാഭ്യാസ മേഖലകളിലെ പുത്തൻ പ്രവണതകൾക്കനുസരിച്ചും രൂപഘടനയിൽ പുനരവലോകനം നടത്തുക. ഉന്നത വിദ്യാഭ്യാസമേഖലകൾ നേരിടുന്ന നിരവധി വെല്ലുവിളികളെ ശ്രദ്ധാപൂർവ്വം പരിഹരിക്കേണ്ടതായുണ്ട്. സർവ്വകാലശാലകളും സംസ്ഥാനസർക്കാരും സംയുക്തമായി ചേർന്നു ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിന് മുഖ്യപങ്കുവഹിക്കണം. ഇതിനായി താഴെപറയുന്ന നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

1. സർവ്വകലാശാലകളുടെയും കോളേജുകളുടെയും നിലവാരം സമയാസമയങ്ങളിൽ പരിശോധിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസത്തിൽ സംസ്ഥാന കൗൺസിലുകൾ രൂപപ്പെടുത്തണം.
2. എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വെബ്സൈറ്റ് ഉണ്ടായിരിക്കണം. ഈ വെബ്സൈറ്റിൽ അഡ്മിഷൻ, ഫീസ്, പരീക്ഷാഫലം, അദ്ധ്യാപകവിവരങ്ങൾ, പദ്ധതികൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തണം.
3. ദേശീയ ഉന്നത വിദ്യാഭ്യാസ ഫെലോഷിപ്പ് പദ്ധതി നടപ്പിൽ വരുത്തുന്നതിന് ഒരു സ്വതന്ത്ര സംവിധാനം രൂപീകരിക്കണം.

4.16 **ഉന്നത വിദ്യാഭ്യാസത്തിലെ നിലവാരം ഉറപ്പാക്കൽ**

സർവ്വകലാശാലകളും കോളജുകളും നേരിടുന്ന നിരവധി പ്രശ്നങ്ങൾ ഉണ്ട്. അപര്യാപ്തമായ സൗകര്യങ്ങൾ, അദ്ധ്യാപക ഒഴിവുകളുടെ എണ്ണത്തിലുള്ള വർദ്ധനവ്, വിദ്യാഭ്യാസ നിലവാരമില്ലായ്മ തുടങ്ങിയ നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. ഇതോടൊപ്പം തന്നെ സാമൂഹികപരമായും ഭൂശാസ്ത്രപരമായും ലിംഗപരമായും അസമത്വങ്ങൾ ഈ മേഖലയിൽ നിലനിൽക്കുന്നുണ്ട്. ഇവയെല്ലാം തന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാഭ്യാസ നിലവാരമില്ലായ്മയിൽ പ്രതിഫലിക്കും. വിദ്യാഭ്യാസമേന്മ ഉറപ്പുവരുത്തുന്നതിന് NAAC ന്റെയോ NBA യുടെയോ അക്രഡിറ്റേഷൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്ന് പാലിക്കപ്പെടേണ്ടതുണ്ട്.

ലോകറാങ്കിംഗിൽ ഇന്ത്യയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചുരുക്കം ചില സ്ഥാപനങ്ങൾ മാത്രമേ ഇടം നേടുന്നുള്ളൂ എന്നത് ശ്രദ്ധ ചെലുത്തേണ്ട ഒന്നാണ്. സർവ്വകലാശാലകളെ ലോകറാങ്കിംഗിൽ ഉൾപ്പെടുത്തുന്നത് അദ്ധ്യാപന-ഗവേഷണ മേഖലകളിൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രകടനം വിലയിരുത്തിയും സമർത്ഥരായ അദ്ധ്യാപകർ, ജീവനക്കാർ അന്തർദേശീയ തലത്തിലുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം എന്നിവയെയും അടിസ്ഥാനമാക്കി അടുത്തകാലത്തായി എം.എച്ച്.ആർ.ഡി., നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാംങ്കിംഗ് ഫ്രെയിംവർക്ക് (NIRF) രൂപീകരിച്ചു. ഈ പദ്ധതി എഞ്ചിനിയറിംഗ്, മാനേജ്മെന്റ്, ഫാർമസി, ആർക്കിടെക്ചർ എന്നീ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രകടനം അടിസ്ഥാനമാക്കി റാങ്ക് ചെയ്യും. ഇതിനായി താഴെപറയുന്ന നടപടികൾ സ്വീകരിക്കും.

1. അന്തർദേശീയ തലത്തിൽ ഉള്ള അക്രഡിറ്റേഷൻ സംവിധാനത്തെപ്പറ്റി പഠിക്കുന്നതിനായി അക്കാദമിക

വിദഗ്ധരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കും. ഇതിലൂടെ രാജ്യങ്ങൾ പിന്തുടരുന്ന മികച്ച പ്രവർത്തനങ്ങളെ കുറിച്ചറിയാവാനും NAAC-ന്റെയും NAR-യുടെയും വിദഗ്ധാഭിപ്രായം അനുസരിച്ച് ഇവ നടപ്പിൽ വരുത്തും.

2. ഓരോ വിദ്യാഭ്യാസസ്ഥാപനത്തിന്റെയും മൂല്യനിർണയത്തിന്റെയും അക്രഡിറ്റേഷന്റെയും വിവരങ്ങൾ നിർദ്ദേശിക്കപ്പെട്ട വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കും.

**4.17 വിദൂരവിദ്യാഭ്യാസവും MOOC ഉം**

വിദൂരവിദ്യാഭ്യാസം (ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിംഗ് (ODL)) പരിശീലനം നൽകുന്നതിനും തൊഴിലവസരങ്ങൾ നൽകുന്നതിനും വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനുമൊക്കെ വളരെ സഹായകരമാണെന്ന് തിരിച്ചറിയപ്പെട്ടിട്ടുണ്ട്. ഏതാണ്ട് നാലു ദശലക്ഷത്തോളം വിദ്യാർത്ഥികൾ ഈ പഠന സംവിധാനത്തിനു കീഴിൽ ചേർന്നിട്ടുണ്ട്. വിദൂര വിദ്യാഭ്യാസം പദ്ധതികൾ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പദ്ധതികളിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ഈ പദ്ധതികൾ ജോലി ഉപേക്ഷിച്ച് പോയി പഠിക്കുവാൻ സാധിക്കാതെ വരുന്ന വിദ്യാർത്ഥികൾക്കും മറ്റു കാരണങ്ങളാൽ റഗുലർ ക്ലാസ്സുകളിൽ പോയി പഠിക്കുവാൻ സാധിക്കാതെ വരുന്ന വിദ്യാർത്ഥികൾക്കും ഉപകാരപ്രദമാണ്. ഇന്ന് രാജ്യത്ത് ഒ.ഡി.എൽ. നടപ്പിലാക്കുന്നത് ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയിലൂടെയാണ് (IGNOU). സ്കൂൾതലത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റികളും, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗുകളും (NIOS) സൗകര്യം ഒരുക്കും. എന്നിരിക്കിലും

വിദൂരവിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ നിലവാര സംബന്ധിയായി നിരവധി പ്രശ്നങ്ങൾ ഉണ്ട്. ആയതിനാൽ ഒ.ഡി.എൽ സംവിധാനത്തെ പുനരുദ്ധാരണം ചെയ്യേണ്ടതായുണ്ട്.

വളരെ കുറഞ്ഞ ചിലവിൽ പാഠ്യപദ്ധതികളിൽ ചേരുവാൻ വിദ്യാർത്ഥികളെ സഹായിക്കുന്ന മറ്റൊരു സംവിധാനമാണ് മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സസ് ($MOOC_S$). വിവിധ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും സർവ്വകലാശാലകളും അവരുടെ പാഠ്യപദ്ധതികൾ ഓൺലൈനിൽ ഒരുക്കുന്നു. ഭാവിയിൽ $MOOC_S$ ന്റെ ഒരു വെബ് പോർട്ടൽ തുടങ്ങുവാനും എം.എച്ച്.ആർ.ഡി. പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി നവീകരിക്കുന്നതിനായുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. NIOS -നു മാനവ വികസന മന്ത്രാലയവുമായി സഹകരിച്ച് തൊഴിൽപരമായ വിദ്യാഭ്യാസത്തിന്റെ ആവശ്യകത വളർത്തിയെടുക്കും.
2. ഒ.ഡി.എൽ. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് എല്ലാവിധ സൗകര്യങ്ങളും ഒരുക്കും. 24x7 ഹെൽപ് ഡെസ്ക് സേവനങ്ങൾ, കൗൺസിലിംഗ് സേവനങ്ങൾ, ലൈബ്രറി സംവിധാനം, ഇ-ലേണിംഗ് മൊഡ്യൂളുകൾ, ഓൺലൈൻ പരീക്ഷകൾ, സമയാസമയങ്ങളിലുള്ള വിലയിരുത്തലുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തും.
3. ഒ.ഡി.എൽ / MOOC സംവിധാനം ഒരുക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രാദേശിക ദേശീയ ആവശ്യകത അനുസരിച്ച് പദ്ധതികൾ വിപുലീകരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യും.

4. ഒ.ഡി.എൽ/ MOOC സംവിധാനം ഒരുക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നിലവാരം പരിശോധിക്കുന്നതിനായി ഒരു സംവിധാനം രൂപീകരിക്കും.

**4.18 വിദ്യാഭ്യാസത്തിന്റെ അന്തർദേശീയവത്കരണം**

ഈ യുഗത്തിൽ വിദ്യാഭ്യാസത്തെ മാറുന്ന ആവശ്യകതയനുസരിച്ചും പുത്തൻ അറിവുകൾക്കനുസരിച്ചും ഉന്നതവിദ്യാഭ്യാസത്തെ അന്തർദേശീയവത്കരിക്കേണ്ടതുണ്ട്. ഇതിൽ ഗവേഷകരുടെയും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ആവശ്യങ്ങൾ പരിഗണിക്കുന്നതിനും അക്കാദമികപരവും സാംസ്കാരികപരവുമായ അറിവുകൾ കൈമാറുവാനും സ്വീകരിക്കുവാനും ഡിജിറ്റൽ ലേണിംഗിനും മറ്റും ഈ അന്തർദേശീയവത്കരണം സഹായകരമാണ്.

ഉന്നത വിദ്യാഭ്യാസം അന്തർദേശീയവത്കരിക്കുന്നതിലൂടെ നിരവധി അവസരങ്ങൾ ഉടലെടുക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖല വിപുലപ്പെടുത്തുവാനും പുതിയ അക്കാദമികതലങ്ങൾ സൃഷ്ടിക്കുന്നതിനൊക്കെയും ഇത് സഹായകരമാണ്. ഇതിനു ആവശ്യമായ നടപടികൾ സ്വീകരിക്കും.

1. ഇന്ത്യൻ വിദ്യാർത്ഥികളുടെ സ്വീകാര്യത വർദ്ധിപ്പിക്കുവാനും വിദേശീയ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും അന്തർദേശീയ നിലവാരത്തിലുള്ള പാഠ്യപദ്ധതികൾ രൂപീകരിക്കും. നിരവധി വിദേശീയ വിദ്യാർത്ഥികൾ ഭാരതത്തിന്റെ സംസ്കാരത്തെപ്പറ്റിയും ഭാരതീയ വിഷയങ്ങളെപ്പറ്റിയും പഠിക്കുവാൻ ഭാരതത്തിലേക്ക് എത്തുന്നുണ്ട്. ആയതിനാൽ അവരുടെ ആവശ്യങ്ങൾ

പരിഗണിക്കുന്നതിന് ഈ മേഖലയിലെ വികസനം അത്യാവശ്യമാണ്.

2. ലോകത്തിലെ തിരഞ്ഞെടുക്കപ്പെട്ട ആദ്യ ഇരുന്നൂറു വിദേശ സർവ്വകലാശാലകളെ ഇന്ത്യൻ സർവ്വകലാശാലകളുമായി ഒത്തുചേർന്ന് ഇവിടെ സ്ഥാപിതമാക്കും. ആവശ്യമെങ്കിൽ നിയമാവലികൾ രൂപീകരിക്കുകയും ചെയ്യും.

4.19 ഉന്നതവിദ്യാഭ്യാസത്തിൽ അദ്ധ്യാപകരുടെ പുരോഗമനം

അദ്ധ്യാപകരുടെയും അദ്ധ്യാപനത്തിന്റെയും നിലവാരം വർദ്ധിപ്പിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസമേഖല വിപുലപ്പെടുത്തും. മികച്ച വിദ്യാർത്ഥികളെ അദ്ധ്യാപന ജോലിയിൽ പ്രവേശിക്കുന്നതിനു പ്രോത്സാഹിപ്പിക്കുകയും വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. $HEI_s$ ന്റെ സുഗമമായ നടത്തിപ്പിനായി വൈസ് ചാൻസിലർമാർ, രജിസ്ട്രാർ, മറ്റ് ഉയർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കിടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കണം. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ നേതൃത്വഗുണമുള്ള പ്രഫഷണലുകളുടെ ആവശ്യകതയും ഉണ്ട്. ഇതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കും.

1. അദ്ധ്യാപകരുടെ പ്രകടനം വിലയിരുത്തുന്നതിന് ഒരു സംവിധാനം രൂപീകരിക്കും.
2. പ്രഗത്ഭരായ യുവജനങ്ങളെ അദ്ധ്യാപന മേഖലകളിൽ ആകർഷിക്കുവാൻ ദേശീയതലത്തിൽ ക്യാംപെയിനുകൾ സംഘടിപ്പിക്കും. ഇതിനുവേണ്ടി ഗവേഷക വിദ്യാർത്ഥികളുടെ കരിയർ വളർച്ചയ്ക്ക് പ്രത്യേകിച്ചും എംഫിൽ, പിഎച്ച്ഡി

ഗവേഷകരുടെ കരിയർ വളർച്ചയ്ക്കായി അക്കാദമിക അസിസ്റ്റന്റ് ആയും അക്കാദമിക് അസോസിയേറ്റായും നിയമിക്കും.

3. പുതുതായി അദ്ധ്യാപന ജോലിയിൽ പ്രവേശിച്ചവർക്കായി 3-6 മാസത്തെ പരിശീലനം നൽകുവാൻ ദേശീയ സംസ്ഥാന പരിശീലന അക്കാദമികൾ രൂപീകരിക്കും. ഈ പദ്ധതികളിൽ അദ്ധ്യാപന ഗവേഷണ രീതിശാസ്ത്രം, ധാർമികത, വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം, പാഠ്യപദ്ധതിയുടെ രൂപരേഖ എന്നിവ തയ്യാറാക്കുന്നതിനും പരിശീലനം നൽകും.
4. മാറുന്ന സാങ്കേതിക വികസനത്തിനനുസരിച്ചും അറിവുകൾക്കനുസരിച്ചും ഒരധ്യാപകന്റെ പ്രൊഫൈലിൽ മാറ്റം വരേണ്ടതാണ്.

**4.20 ഗവേഷണം, നവീകരണം, നൂതന അറിവ്**

കഴിഞ്ഞ കാലങ്ങളിലായി ഇന്ത്യയിൽ ഗവേഷണപ്രസിദ്ധീകരണങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ ഇവയ്ക്ക് ഗവേഷണനിലവാരം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടില്ല. ഗവേഷണ താത്പര്യമുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും വിദേശത്തു പോകാൻ താത്പര്യം കാണിക്കുന്നു. മാത്രമല്ല അവർ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗവേഷണ അന്തരീക്ഷം കാണുന്നില്ല. ഗവേഷണ നിലവാരം വർധിപ്പിക്കുന്നതിനായി ആവശ്യമായ അവസരങ്ങൾ നമ്മുടെ രാജ്യത്ത് ഒരുക്കേണ്ടതുണ്ട്. രാജ്യത്തെ ഗവേഷണ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. അവ ചുവടെ പറയുന്നു.

1. വരും കാലങ്ങളിൽ സ്വകാര്യമേഖലകളിലും പൊതുമേഖലകളിലും ഉന്നത വിദ്യാഭ്യാസത്തിന്റെ 100 സെന്ററുകളോ

ഡിപ്പാർട്ടുമെന്റുകളോ സ്ഥാപിക്കും. ഇവയിലൂടെ പുതിയ കണ്ടുപിടുത്തങ്ങളെയും ഗവേഷണ മികവിനെ വെള്ളിവെളിച്ചത്തിൽ കൊണ്ടുവരുവാനും ശ്രമിക്കും.

2. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് എഡ്യുക്കേഷൻ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷൻ (NUEPA)ന്റെ സഹകരണത്തോടെ ഒരു ഗവേഷണ അജണ്ട രൂപീകരിക്കും.
3. അടുത്ത 5 വർഷത്തിനുള്ള HEISന്റെ കീഴിൽ പുതിയ കണ്ടുപിടുത്തങ്ങളേയും കഴിവുകളേയും വ്യവസായ സംരഭങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിനായി 100-ൽ കൂടുതൽ ഇൻക്യുപേഷൻ സെന്ററുകൾ സ്ഥാപിക്കും.
4. അന്തർദേശീയ സഹകരണത്തോടെ പുതിയ അറിവുകൾ സമ്പാദിക്കുന്നതിനും ഇന്റർഡിസിപ്ലിനറി ഗവേഷണത്തിനും പഠനത്തിനും പ്രത്യേക ഊന്നൽ നൽകികൊണ്ടും പദ്ധതി രൂപീകരിക്കും.

**4.21 വിദ്യാഭ്യാസ സാമ്പത്തികസഹായം**

ഭാരതീയ പശ്ചാത്തലം പരിശോധിക്കുമ്പോൾ വിദ്യാഭ്യാസമേഖലയിൽ പൊതുനിക്ഷേപത്തിന്റെ ആവശ്യകത വളരെ കൂടുതലാണ്. കൂടാതെ സ്വകാര്യ വിദ്യാഭ്യാസ മേഖല കാര്യമായി സാമ്പത്തികമായും സാമൂഹികമായും വികസനം നേടാത്ത ഇത്തരം സ്ഥാപനങ്ങൾ ഇന്ത്യയിൽ കൂടുതലാണ് എന്നതിന് തെളിവുകൾ ലഭിച്ചിട്ടുണ്ട്. 1968-ലെയും 1986/92ലെയും ദേശീയ പദ്ധതികൾ പ്രകാരം ദേശീയതലത്തിൽ വിദ്യാഭ്യാസത്തിന്റെ ജി.ഡി.പി. 6 ശതമാനം ആണ്. വിദ്യാഭ്യാസ മേഖലയെ പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളും. അവ താഴെ പറയുന്നവയാണ്.

1. വിദ്യാഭ്യാസ മേഖലയിൽ കുറഞ്ഞത് ആറു ശതമാനം ജി.ഡി.പി. എങ്കിലും ഉയർത്തുന്നതിനാവശ്യമായ നിക്ഷേപം സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
2. വൻ നിക്ഷേപം ആവശ്യമുള്ള പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനു പകരം നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സൗകര്യങ്ങളെ വിപുലപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകും.
3. വിദ്യാഭ്യാസ മേഖലയിലെ മികവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി പുതിയ നിക്ഷേപപദ്ധതികൾ നടപ്പിൽ വരുത്തും.
4. സ്വകാര്യ നിക്ഷേപങ്ങളിലൂടെയും പൂർവ്വവിദ്യാർത്ഥികളുടെ നിക്ഷേപങ്ങളിലൂടെയും സംഭാവനകളിലൂടെയും മറ്റു മാർഗ്ഗങ്ങളിലൂടെയും HEI-യുടെ ഫണ്ട് ഉയർത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കും.
5. നിലവിലിരിക്കുന്ന വിദ്യാഭ്യാസ ലോൺ സമ്പ്രദായം പരിഷ്കരിക്കും. ഇതിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വളരെ കുറഞ്ഞ പലിശ നിരക്കിലും ജോലിയിൽ പ്രവേശിച്ച് ഒന്നോ രണ്ടോ വർഷത്തെ തിരിച്ചടവ് കാലാവധിയും ഒരുക്കും.

## അദ്ധ്യായം-5

### മേൽനോട്ടവും നിർവ്വഹണവും

നാഷണൽ എജ്യുക്കേഷൻ പോളിസി 2016 നേരത്തേയുള്ള വിദ്യാഭ്യാസ പദ്ധതികളുടെ (1968, 1986/92) തുടർച്ചയായി പുതിയ

രീതികളും അവലംബിച്ചു. ഇതിൽ ശ്രദ്ധചെലുത്തേണ്ട കാര്യം കേന്ദ്രവും സംസ്ഥാനസർക്കാരുകളുടെ പരസ്പര സഹകരണത്താലും സംയുക്ത സംസ്ഥാന വ്യവസ്ഥിതിയാലും ഉദ്ദേശ്യലക്ഷ്യങ്ങളാലും പ്രവർത്തന വൈദഗ്ദ്ധ്യത്താലും വിദ്യാഭ്യാസ ഭൂഭാഗചിത്രത്തെ പരിവർത്തനപ്പെടുത്തണം.

വിദ്യാഭ്യാസമേഖലയിൽ അനേക മദ്ധ്യസ്ഥർ ഉൾപ്പെട്ടിട്ടുണ്ട്. ഓരോന്നും പ്രധാനപ്പെട്ട സംഭാവനകൾ നൽകുവാൻ സഹായകരമാകുന്നു. പ്രത്യേകിച്ചും സ്തുത്യർഹമായ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും എല്ലാ മേഖലകളിലും വിദ്യാഭ്യാസമേന്മ വർദ്ധിപ്പിക്കുന്നതിനും നമ്മുടെ വിദ്യാർത്ഥികളെ ആഗോളപൗരന്മാരായി ഉയർത്തുന്നതിനോടൊപ്പം മാറിവരുന്ന സമൂഹത്തിന്റെ വെല്ലുവിളികളെ പൂർത്തീകരിക്കുന്നതിനാവശ്യമായ സമുചിതമായ അറിവ്, വൈദഗ്ദ്ധ്യം, നിലപാട് എന്നിവയും കൈവരിക്കുന്നതിന് സജ്ജരാക്കുന്നു.

പഴയകാലപദ്ധതികൾ മതിയായ പ്രവർത്തന വിധമല്ലാത്തതിനാലാണ് ശരിയായ ദിശയിൽ നടപ്പിലാക്കാൻ സാധിക്കാതെ വന്നത് എന്നതിന് മതിയായ തെളിവുകളുണ്ട്. അത്തരം അവസ്ഥ ഒഴിവാക്കുന്നതിന് ഓരോ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും സാമൂഹിക പ്രാദേശിക സാംസ്കാരിക ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകരമാക്കുന്ന 'ഫ്രെയിം ഫോർ ആക്ഷൻ' (FFA) രൂപീകരിച്ചാൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കും

ജനാധിപത്യ വികേന്ദ്രീകരണത്തിലൂടെയും സമൂഹപങ്കാളിത്തത്തിലൂടെയും ഈ പദ്ധതി ജില്ലാതലത്തിലും ബ്ലോക്ക്തലത്തിലും രൂപീകരിക്കാനാവും. ഓരോ

വിദ്യാഭ്യാസസ്ഥാപനങ്ങളും ഇതുപോലെയുള്ള അത്യന്തം സൂക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യകരമാണ്.

സാമ്പത്തിക ഉറവിടങ്ങളുടെ അഭാവം എല്ലായ്പ്പോഴും ഒരു വെല്ലുവിളിയാണ്. സർക്കാർ സ്വകാര്യമേഖലകൾ കൂടാതെ മറ്റ് ഇതര സർക്കാർ ഏജൻസികളും തോളോടുതോൾ ചേർന്ന് രാജ്യത്തോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിനായി വിദ്യാഭ്യാസത്തിനാവശ്യമായ സാമ്പത്തിക പിൻബലം നൽകുവാൻ ഉതകണം. വിദ്യാഭ്യാസത്തിന്റെ സുഗമമായ നടത്തിപ്പിനും ഉത്തരവാദിത്വമുള്ള സംസ്കാരം നയിക്കും.

ഈ പദ്ധതിയുടെ രൂപരേഖ നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസവും മറ്റു സേവനങ്ങളായ ശിശുപരിപാലനം, പോഷകം, ആരോഗ്യം, കായികം, ശുചീകരണം, ജലസ്രോതസ്സുകൾ തുടങ്ങിയവയും തമ്മിൽ ബന്ധമുണ്ടാകുന്നു. ഇത് ജനസാമാന്യത്തിന് ഉറപ്പുവരുത്തുവാനാകും. വിദ്യാഭ്യാസവകുപ്പും മറ്റ് വകുപ്പുകളും തമ്മിലുള്ള ഏകോപനവും ഇതിനാവശ്യമാണ്.

കഴിഞ്ഞകാല അനുഭവങ്ങളിൽനിന്നും ആർജ്ജവമുൾക്കൊണ്ട് ഈ സംരംഭത്തിലെ ഓരോ ഘടകത്തിലെയും പ്രവർത്തനവും ശരിയായ രീതികൾ അവലംബിച്ചും പ്രവർത്തന സമ്പ്രദായവും കാലാകാലങ്ങളിലുള്ള മൂല്യനിർണ്ണയം, പുരോഗതിയുടെ വിലയിരുത്തലുകൾ തുടങ്ങിയവ കൈക്കൊള്ളുക. ഈ പ്രക്രിയ സൂക്ഷ്മമായും സ്ഥൂലമായും കേന്ദ്രസംസ്ഥാനസർക്കാരുകൾ നടപ്പിൽ വരുത്തണം. ഇത്തരം വ്യവസ്ഥാനുസൃതമായ നടപടിക്രമങ്ങൾ തെറ്റുകൾ തിരുത്തുന്നതിനും പുനരാലോചന ചെയ്യുന്നതിനും അനുകൂലമായ ഫലം കൈവരിക്കുന്നതിനും സഹായകരമാകും.

എങ്കിൽതന്നെയും നമ്മുടെ രാജ്യത്തിൻറെ വിസ്തൃതിയും വൈവിധ്യവും പരിശോധിക്കുമ്പോൾ ഇവയെല്ലാം

നടപ്പിൽവരുത്തുന്നതിന് ധാരാളം വെല്ലുവിളികൾ നേരിടേണ്ടിവരുന്നു. ഇത് യഥാസമയത്തുള്ള അവലോകനത്തിന്റെ ആവശ്യകത വിളിച്ചുണർത്തുന്നു. 5 വർഷം കൂടുമ്പോൾ നടത്തുന്ന ഈ അവലോകനത്തിലൂടെ ദേശീയവും ആഗോളപരവുമായ പുത്തൻപ്രവണതകൾ മനസ്സിലാക്കുവാൻ സഹായകരമാകുന്നു.